



# ലോഗോസ്

Kerala Catholic Bible Society

Pastoral Orientation Centre
P.B. No. 2251, Palarivattom, Cochin - 682 025

Bulletin, June 2026 | Vol. 35 • No.1

# മുഖമൊഴി

വി. ഫ്രാൻസിസ് അസീസിയുടെ 800-ാം ചരമ വർഷത്തിൽ 2026 ജനുവരി പത്തുമുതൽ 2027 ജനുവരി പത്തുവരെ അസാധാരണ ജൂബിലി വർഷമായി ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കാലഘട്ടത്തിലാണ് നമ്മളായിരിക്കുക. ''സുവിശേഷം'' എന്നതുകൊണ്ട് വി. ഫ്രാൻസിസ് ഉദ്ദേശിച്ചത്, ദൈവത്തിന്റെ ജീവനുള്ള വചനം (ഹെബ്രാ 4:12) ജീവനുള്ള മാംസമായി ഇന്ന് നമ്മോടൊപ്പം ജീവിക്കുന്ന യേശുവായിരുന്നു എന്നാണ്. സ്വന്തം ജീവിതത്തിലും ജീവിത നിയമങ്ങളിലും വി. ഫ്രാൻസിസ് സുവിശേഷത്തെ അടിസ്ഥാനപ്പെടുത്തി ജീവിക്കുന്ന സുവിശേഷങ്ങളായി കാലഘട്ടത്തിന് പ്രകാശം നല്കാനുള്ള ആഹ്വാനം നല്കികൊണ്ടാണ് ലെയോ മാർപാപ്പ ഈ ജൂബിലി പ്രഖ്യാപനം ചെയ്തത്. സുവിശേഷം അറിയുകയും അറിയിക്കുകയും ചെയ്യുക എന്നതാണ് ഏതൊരു ക്രിസ്തുശിഷ്യന്റേയും അടിസ്ഥാന ജീവിതലക്ഷ്യം. ഈ ലക്ഷ്യം തന്നെയാണ് ബൈബിൾ സൊസൈറ്റിയും ഉന്നംവയ്ക്കുക.

വി. ഫ്രാൻസിസ് അസീസി രണ്ടാമത്തെ ക്രിസ്തു എന്ന അപരനാമത്തിൽ വിളിക്കപ്പെടുന്നതുപോലെ ഓരോ ക്രിസ്തുശിഷ്യനും ജീവിക്കുന്ന സുവിശേഷമാകാൻ, അതിലൂടെ സുവിശേഷപ്രകാശം ലോകത്തിൽ പ്രസരിക്കുവാൻ ഇടവരട്ടെ.

വചനത്തോടൊപ്പമുള്ള യാത്ര എന്നത്തേയുംപോലെ ഈ കാലഘട്ടത്തിന്റേയും അനിവാര്യതയാണ്. ഓരോവർഷവും ലോഗോസ് ക്വിസ് പരീക്ഷയ്ക്ക് അഞ്ചുലക്ഷത്തിൽപരം മത്സരാർഥികൾ ഒരുമിച്ച് അണിചേരുന്ന അനുഭവം ലോകത്തിൽ തന്നെ വേറിട്ടു നിൽക്കുന്ന ഒരു സുവിശേഷപ്രചാരക ദൗത്യമായി ബൈബിൾ സൊസൈറ്റി നെഞ്ചിലേറ്റുന്നു. ദൈവവചനത്തിന്റെ പ്രചാരണ പ്രഘോഷണത്തെ ഊർജസ്വലമാക്കാനുള്ള സത്വരശ്രമങ്ങളിൽ മാർ ജോസ് പുളിക്കൽ പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളായ നിങ്ങളുടെ സഹകരണവും ശുശ്രൂഷയും എന്നും പ്രോത്സാഹനജനകമാണ്. ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ശക്തിയായി കൂടെ നിൽക്കുന്ന മാനേജിംഗ് കൗൺസിൽ, എക്സിക്യൂട്ടിവ് അംഗങ്ങൾ, കമ്മീഷൻ ഓഫീസിലെ സഹപ്രവർത്തകർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

ജൂബിലി വർഷത്തിൽ തിരുവചനത്തോട് ചേർന്നുനിന്ന് ജീവിക്കുന്ന സുവിശേഷങ്ങളാകാനുള്ള യാത്രയിൽ നമുക്കണിചേരാം.

സസ്നേഹം,<br>
**ഡോ. ജോജു കോക്കാട്ട്**<br>
സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ<br>
കേരള കാത്തലിക് ബൈബിൾ സൊസൈറ്റി

# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 35 – ാം വാർഷിക പൊതുയോഗം

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 35-ാമത് വാർഷിക പൊതുയോഗം 2026 ജൂലൈ 11-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് പി.ഒ.സി.യിൽവച്ച് നടത്തപ്പെടുന്നതാണ്. സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അധ്യക്ഷതയിലായിരിക്കും പൊതുയോഗം.

## കാര്യപരിപാടി

| | |
|---|---|
| **പ്രാർഥന** | **– സി. നീതു** CTC |
| **സ്വാഗതം** | **– ശ്രീ. ആന്റണി പാലിമറ്റം**<br>**(വൈസ് ചെയർമാൻ, കെ.സി.ബി.എസ്.)** |
| **അനുസ്മരണ പ്രാർഥനാശുശ്രൂഷ** | |
| **അധ്യക്ഷപ്രസംഗം** | **– ബിഷപ് മാർ ജോസ് പുളിക്കൽ**<br>**(ചെയർമാൻ, കെ.സി.ബി.എസ്.)** |
| **ആശംസ** | **– റവ. ഫാ. തോമസ് തറയിൽ**<br>**(ഡയറക്ടർ, പി.ഒ.സി.)** |
| **റിപ്പോർട്ടുകൾ** | **– റവ. ഡോ. ജോജു കോക്കാട്ട്**<br>**(സെക്രട്ടറി, കെ.സി.ബി.എസ്)** |
| **വാർഷിക കണക്കുകൾ** | **– റവ. സി. ഇസബെല്ല ഐഡ** CTC<br>**(ട്രഷറർ, കെ.സി.ബി.എസ്)** |
| **ചർച്ചകൾ** | |
| **നന്ദി** | **– ശ്രീ. ജോസഫ് പന്തപ്ലാക്കൽ**<br>**(ജോ. സെക്രട്ടറി, കെ.സി.ബി.എസ്.)** |

***ശ്രീ. ആന്റണി പാലിമറ്റം***
***വൈസ് ചെയർമാൻ***

***ഡോ. ജോജു കോക്കാട്ട്***
***സെക്രട്ടറി***

***സി. ഇസബെല്ല ഐഡ*** CTC
***ട്രഷറർ***

***ശ്രീ. ജോസഫ് പന്തപ്ലാക്കൽ***
***ജോ. സെക്രട്ടറി***

# ബൈബിൾ സൊസൈറ്റിക്കു വേണ്ടിയുള്ള പ്രാർഥന

വചനത്താൽ സർവവും സൃഷ്ടിച്ച പിതാവേ, അങ്ങേക്കു സ്തുതി. മാംസം ധരിച്ച വചനമേ, അങ്ങേക്ക് ആരാധന. വചനത്തിനു കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, അങ്ങേക്കു മഹത്വം.

'പാദത്തിനു വിളക്കും പാതയിൽ പ്രകാശവു'മായ വചനം ജീവിതവീഥിയിൽ ഞങ്ങൾക്കു വഴികാട്ടിയാകട്ടെ! തമസ്സിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽനിന്നു സത്യത്തിലേക്കും മൃതിയിൽനിന്ന് ജീവനിലേക്കുമുള്ള ഞങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തിയാലും. തിന്മയുടെ ഗർത്തത്തിൽനിന്നു നന്മയുടെ തീരങ്ങളിലേക്കും ദുഃഖദുരിതങ്ങളുടെ മരുഭൂമിയിൽനിന്നു സംതൃപ്തിയുടെ നീരുറവകളിലേക്കും അസമാധാനത്തിന്റെ യുദ്ധഭൂവിൽനിന്ന് സമാധാനത്തിന്റെ പൂവാടിയിലേക്കും ഞങ്ങൾ നീങ്ങട്ടെ.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളെന്ന നിലയിൽ ഞങ്ങളുടെ കടമകൾ ഭംഗിയായി നിറവേറ്റുവാൻ ഞങ്ങൾക്കു കഴിയട്ടെ. വചനം വായിക്കാനും ധ്യാനിക്കാനും ഗ്രഹിക്കാനും ജീവിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കണമേ. സഭാമക്കൾ എല്ലാവരും സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നതിനും ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസസാക്ഷ്യമായി ഞങ്ങളുടെ പ്രവർത്തനങ്ങൾ മാറുന്നതിനും ഇടയാക്കണമേ. എല്ലാ സൊസൈറ്റി അംഗങ്ങളിലും സമിതികളിലും വചനപ്രചോദിതമായ ഉണർവും പ്രേഷിതതീക്ഷ്ണതയും ഉളവാക്കണമേ. തിരുവചനോപാസകരായി, പരസ്നേഹനിർഭരരായി സഭയിലും ലോകത്തിലും ഞങ്ങൾ വളരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, ആമേൻ.

# കെ.സി.ബി.സി.
# ബൈബിൾ പാരായണ മാസവും ബൈബിൾ ഞായറാചരണവും

ക്രിസ്തുവിൽ പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ, 2025ലെ ജൂബിലിയുടെ നിറവിലാണ് ആഗോളസഭ. ഡിസംബർ മുഴുവനും ബൈബിൾ പാരായണ മാസമായും ഡിസംബർ 21 ബൈബിൾ ഞായറായും ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാ സഭ 2025ലെ ജൂബിലിയുടെ സമാപനത്തിലേക്ക് പ്രവേശിക്കുകയാണ്. ജൂബിലി വർഷത്തിന്റെയും ബൈബിൾ ഞായറിന്റെയും കേന്ദ്രവിഷയമായി നമ്മുടെ പരിചിന്തനത്തിന് യോഹന്നാന്റെ ഒന്നാം ലേഖനം രണ്ടാം അധ്യായം 5-ാം വാക്യം തിരഞ്ഞെടുത്തിരിക്കുന്നു: "അവന്റെ വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണതപ്രാപിച്ചിരിക്കുന്നു. നാം അവനിൽ ആയിരിക്കുമെന്ന് ഇതിൽനിന്നു നാം അറിയുന്നു."

2025ലെ ജൂബിലിയുടെ ഒരുക്കമായി ഫ്രാൻസിസ് പിതാവ് നല്കിയ "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല റോമ 5,5" എന്ന ആമുഖ കത്തിൽ പ്രത്യാശയെന്നത് യേശുക്രിസ്തുവാണെന്നും, അത് അവന്റെ വചനത്തിൽ അധിഷ്ഠിതമാണെന്നും ആ വചനത്തോടു ചേർന്നുനില്ക്കലാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്നും പ്രബോധിപ്പിക്കുന്നു. ഫ്രാൻസിസ് പാപ്പായുടെ അവസാനത്തെ ഔദ്യോഗിക പ്രബോധനമായ "അവൻ നമ്മെ സ്നേഹിച്ചു" (Dilexit nos) എന്ന ചാക്രികലേഖനം ദൈവസ്നേഹാനുഭവത്തിൽ കേന്ദ്രീകൃതമാണ്. അതിന്റെ തുടർച്ചയെന്നോണം ലെയോ പതിനാലാമൻ പാപ്പായുടെ "ഞാൻ നിന്നെ സ്നേഹിച്ചു" (Dilexi te) എന്ന ആദ്യത്തെ അപ്പസ്തോലികപ്രബോധനത്തിലൂടെ മനുഷ്യസ്നേഹം ഒരുവനിൽ ദൈവം വസിക്കുന്നതിന്റെ അടിസ്ഥാനവും ക്രൈസ്തവ ധാർമിക ഔന്നത്യവുമാണെന്നു പ്രഖ്യാപിക്കുന്നു. മേൽസൂചിപ്പിച്ച മൂന്ന് പ്രബോധനങ്ങളെയും കൂട്ടിയിണക്കുന്ന സുവർണ നൂലാണ് 1 യോഹ 2, 5. വചനവും, ദൈവസ്നേഹവും, മനുഷ്യസ്നേഹവും (കൂട്ടായ്മ) ഈ വചനഭാഗത്തിന്റെ കേന്ദ്രവിഷയങ്ങളാണ്. യഥാർഥ സമ്പത്ത് പണമോ അധികാരമോ ഭൗതികവസ്തുക്കളോ അല്ല, മറിച്ച് ദൈവവുമായുള്ള ഐക്യമാണ്. ദൈവവചനമാണ് യഥാർഥ സമ്പത്ത് തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത്; അത് നമ്മെ നമ്മുടെ അയൽക്കാരിലേക്ക്, ഏറെ പ്രത്യേകിച്ച് പാർശ്വവത്കരിക്കപ്പെട്ടവരിലേക്ക്, തിരിയാനുള്ള മാർഗദർശിയാണ്.

ദൈവവചനത്തോടു ചേർന്ന് നില്ക്കുന്നവരിൽ ദൈവം ആയിരിക്കുന്നുവെന്നും ത്രിത്വത്തിന്റെ കൂട്ടായ്മയിൽ അവർ പങ്കുചേരുമെന്നും 1 യോഹന്നാൻ 2,5 ൽ ഊന്നിപ്പറയുന്നു: "നാം അവനിൽ ആയിരിക്കും". "എസ്മെൻ" എന്ന ഗ്രീക്ക് പദത്തിനർഥം കൂടെയായിരിക്കുക, കൂടെ വസിക്കുക എന്നാണ്. കൂടെ നടക്കുന്ന കൂട്ടായ്മയുടെ (synodality), അനുഭവമാണ് "ഞാൻ നിന്നെ സ്നേഹിച്ചു" എന്ന തിരുവെഴുത്തിലൂടെ ലെയോ പാപ്പാ ലക്ഷ്യം വച്ചത്. തന്റെ ലേഖനത്തെയും തന്റെ

മുൻഗാമിയുടെ ലേഖനത്തെയും ചേർത്ത് ലെയോ പാപ്പാ എഴുതുന്നു: "ഫ്രാൻസിസ് പാപ്പാ 'അവൻ നമ്മെ സ്നേഹിച്ചു' (DN) എന്ന ചാക്രിക ലേഖനത്തിൽ പ്രതിപാദിച്ചത് യേശുക്രിസ്തുവിന്റെ ഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ സ്നേഹത്തിന്റെ അക്ഷയ രഹസ്യമാണ്. അതിൽ 'സമൂഹത്തിലെ ഏറ്റവും താഴ്ന്ന ശ്രേണിയിലുള്ളവരുമായി' യേശു എപ്രകാരം താദാത്മ്യപ്പെട്ടു എന്നും നാം കാണുകയുണ്ടായി; അതുപോലെതന്നെ അവസാനംവരെ ചൊരിയപ്പെട്ട അവന്റെ സ്നേഹംവഴി എപ്രകാരം അവൻ ഓരോ മനുഷ്യ വ്യക്തിയുടെയും മാഹാത്മ്യം, ഏറെ പ്രത്യേകിച്ച് അവർ ദുർബലരും പരിഹാസിതരും സഹിക്കുന്നവരും ആയിരിക്കുമ്പോഴുള്ള മാഹാത്മ്യം, ഉറപ്പിക്കുന്നു എന്ന് നാം കാണുന്നു. ക്രിസ്തുവിന്റെ സ്നേഹം നാം ധ്യാനവിഷയമാക്കുമ്പോൾ മറ്റുള്ളവരുടെ സഹനങ്ങളിലും ആവശ്യങ്ങളിലും അവരോട് കൂടുതൽ കരുതൽ ഉള്ളവരാകാനും തന്റെ വിമോചനത്തിന്റെ പ്രവൃത്തിയിൽ പങ്കുചേരുന്ന പ്രയത്നങ്ങൾ വഴിയായി തന്റെ സ്നേഹം പ്രചരിപ്പിക്കുന്ന ഉപകരണങ്ങളാകുവാനും നാം പ്രേരിതരാകുന്നു." (ഖ. 2)

എല്ലാവർക്കും എന്നും പ്രത്യാശ പകരുന്ന യേശുക്രിസ്തുവിന്റെ വചനത്തിലേക്ക് എല്ലാവരെയും അടുപ്പിക്കുന്നതിനുള്ള ശുശ്രൂഷകളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. ദൈവവചനമാണ് ഈ കാലഘട്ടത്തിന്റെ ഉത്തരമെന്ന ആപ്തവാക്യം മനസ്സിൽ ഉരുവിട്ട് ഈ ജൂബിലി വർഷത്തിലെ ബൈബിൾ പാരായണത്തിലേക്കും ബൈബിൾ ഞായറിലേക്കും നമുക്ക് പ്രവേശിക്കാം. ദൈവം കൂടെ വസിക്കുന്നുവെന്ന ദൈവസ്നേഹാനുഭവത്തിലേക്ക് ദൈവവചന പാരായണ മാസത്തിലൂടെ നമുക്ക് വളരാം. ഈ സ്നേഹാനുഭവം എല്ലാവരെയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും, കൂട്ടായ്മയിലേക്കും നമ്മെ നയിക്കട്ടെ.

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വചനനിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി ഈ ജൂബിലി വർഷത്തിൽ വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. സമ്പൂർണമായി പരിഷ്കരിച്ച പിഒസി ബൈബിൾ (RPOC) ജൂബിലിയുടെ സമ്മാനമായി കേരളസഭാ മക്കൾക്കായി സമർപ്പിക്കാനും, വിപുലമായി പ്രസിദ്ധീകരിക്കാനും കഴിഞ്ഞത് അഭിമാനാർഹമായ ചരിത്രനേട്ടമാണ്. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോകത്തിലെതന്നെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാമായ ലോഗോസ് ക്വിസ്സിന്റെ 25-ാം വർഷത്തിലാണ് നമ്മൾ. ബൈബിൾ പഠനം എല്ലാവരിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവിബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾച്ചേർത്ത് ലോഗോസ് ക്വിസ് വിപുലമാക്കിയിട്ടുണ്ട്. മലയാളം ബൈബിളിന്റെ ശ്രാവ്യരൂപവും, കാഴ്ച പരിമിതിയുള്ളവർക്കുവേണ്ടി ബ്രെയിൽബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ അംഗങ്ങൾ 14000

കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യൂട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യയായി വളർത്താനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലേക്ക് ഇപ്പോൾ നാം മുന്നേറുകയാണ്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. പി.ഒ.സി. ബൈബിൾ മൊബൈൽ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 21-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു.

ദൈവവചന പ്രചാരണ-പ്രഘോഷണ പ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ തീർഥാടകരായി രൂപാന്തരപ്പെടുവാനും ദൈവവചനത്തിലേക്ക് എല്ലാവരെയും നയിക്കാനും നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, ദൈവസ്നേഹാനുഭവത്തിലേക്കും എല്ലാവരെയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും നമ്മെ ക്ഷണിക്കുന്ന മനുഷ്യാവതാരത്തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2025-2026 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990 -ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 35 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 34-ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

**യോഗങ്ങൾ**

2025-2026 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (12 ജൂലൈ 2025) മൂന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (28 ജൂൺ 2025; 26 ജൂലൈ 2025; 11 ഒക്ടോബർ 2025) എട്ട് മാനേജിംഗ് കൗൺസിൽ യോഗങ്ങളും (28 ജൂൺ 2025; 26 ജൂലൈ 2025; 11 ഒക്ടോബർ 2025; 24 ഒക്ടോബർ 2025; 26 ഡിസംബർ 2025; 22 ജനുവരി 2026; 28 ഫെബ്രുവരി 2026; 28 മാർച്ച് 2026) ചേർന്നു.

### കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് യോഗം 28-06-2025 @ 10.30 a.m

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് യോഗം 2025 ജൂൺ 28 ന് പി.ഒ.സി.യിൽ വച്ച് വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. റവ. ഡോ. ജോജു കോക്കാട്ട് എവരെയും സ്വാഗതം ചെയ്തു. ശേഷം അജണ്ട അവതരിപ്പിച്ചു.

വളരെ സജീവമായ മൂന്നു വർഷക്കാലം ലഭിച്ചതിന്റെ സന്തോഷം വൈസ് ചെയർമാൻ അധ്യക്ഷപ്രസംഗത്തിൽ പങ്കുവച്ചു.

തുടർന്ന് ജോയിന്റ് സെക്രട്ടറിയും കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ നല്ല അനുഭവങ്ങളും ഓർമകളും പങ്കുവച്ചു. അടുത്ത ഇലക്ഷനിൽ തിരഞ്ഞെടുക്കപ്പെടുന്ന നല്ലൊരു ഭരണസമിതി ലഭിക്കാനുള്ള ആശംസകളും അറിയിച്ചു.

ചർച്ചകളും റിപ്പോർട്ടുകളും മാനേജിംഗ് കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കാൻ തീരുമാനിച്ചു.

തുടർന്ന് ശ്രീമതി കവിത ജിസ്മോൻ എക്സിക്യൂട്ടീവ് അംഗങ്ങൾക്കെല്ലാവർക്കും നന്ദിയർപ്പിച്ചുകൊണ്ട്, മീറ്റിംഗ് അവസാനിച്ചു.

### കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 28-06-2025 @ 11.00 a.m

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 28-6-2025 ന് ജൂൺ 28ന് പി.ഒ.സി.യിൽ വച്ച്, വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ചേർന്നു. ജനറൽബോഡി മീറ്റിംഗിനു മുന്നോടിയായുള്ള എക്സിക്യൂട്ടീവ്-മാനേജിംഗ് കൗൺസിൽ ആണിതെന്ന് അച്ചൻ സൂചിപ്പിച്ചു. സഹകരണമനോഭാവവും കാര്യക്ഷമതയും നിറഞ്ഞവരായിരുന്നു 2022-25 കാലയളവിലെ കൗൺസിൽ അംഗങ്ങൾ. 27 പേർ അടങ്ങുന്ന എല്ലാ എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്കും സെക്രട്ടറി അച്ചൻ നന്ദിയർപ്പിച്ചു. എല്ലാ അംഗങ്ങളെയും മീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു. അതിനുശേഷം അജണ്ട അവതരിപ്പിച്ചു.

തുടർന്ന് അനുഗ്രഹപ്രഭാഷണമായിരുന്നു. കേരളകത്തോലിക്കാ സഭയുടെ ശുശ്രൂഷകളിലെ പരമപ്രധാനമായ ഒന്നാണ് വചനശുശ്രൂഷ. ദൈവവചന കേന്ദ്രീകൃതമായി കേരളകത്തോലിക്കാ സഭയെ വളർത്തുന്നതിൽ ബൈബിൾ സൊസൈറ്റിയും ബൈബിൾ കമ്മീഷനും മുഖ്യപങ്കുവഹിക്കുന്നു. ഉയർന്ന ചിന്തയും കാഴ്ചപ്പാടും ബൈബിൾ ആധ്യാത്മികതയും കേരളസഭയ്ക്ക് കൊടുത്തു കൊണ്ടിരിക്കുവാൻ നാം ശ്രദ്ധാലുക്കൾ ആകണം എന്ന ആശംസയോടെ ഫാ. തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം അവസാനിപ്പിച്ചു. തുടർന്ന് ജോ. സെക്രട്ടറി റിപ്പോർട്ടുകൾ അവതരിപ്പിച്ചു. തുടർന്ന് ജോജു അച്ചൻ 2024-2025 വർഷത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുകയും റിപ്പോർട്ടുകൾ അംഗങ്ങൾ പാസാക്കുകയും ചെയ്തു.

തുടർന്ന് അധ്യക്ഷപ്രസംഗമായിരുന്നു. 2022-25 കാലഘട്ടത്തിലെ മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ ഏറ്റവും അവസാനത്തെ മീറ്റിംഗ് ആണിത്. മൂന്നു വർഷക്കാലം വളരെ സജീവമായി സഹകരിച്ച എല്ലാ ടീം അംഗങ്ങളെയും അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്തു. ബൈബിൾ സൊസൈറ്റിക്കുവേണ്ടി പുതിയ ഒരു സ്റ്റോർ അനുവദിച്ച പിഒസി ഡയറക്ടർ, തോമസ് തറയിൽ അച്ചനെ യോഗം പ്രത്യേകം അഭിനന്ദിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. ബൈബിൾ സൗജന്യവിതരണം നടത്തിവരുന്നത് ബൈബിൾ സൊസൈറ്റിയാണ്. പിഒസിയിൽ നിന്നും ബൈബിൾ സൊസൈറ്റിക്ക് ലഭിച്ചിരുന്ന റിഡക്ഷൻ പൂർണമായും നീക്കം ചെയ്തതിലുള്ള ഖേദം വൈസ്ചെയർമാൻ രേഖപ്പെടുത്തുകയുണ്ടായി. ലോഗോസിന്റെ ജൂബിലി വർഷമാണിത്. അതിന്റെ ഭാഗമായി കൗൺസിൽ അംഗങ്ങൾക്ക് ഓർമസൂചകമായി എന്തെങ്കിലും ഉപഹാരം നൽകുന്നതിനുള്ള ഒരു നിർദേശം വൈസ്ചെയർമാൻ നല്കുകയുണ്ടായി. മൂന്നോ നാലോ മാനേജിംഗ് കൗൺസിൽ മീറ്റിംഗുകൾ പി.ഒ.സി.ക്ക് പുറത്തുവച്ച് നടക്കാൻ ഇടയായിട്ടുണ്ട് അത്തരത്തിൽ എല്ലാം കൊണ്ടും വ്യത്യസ്തമായൊരു കാലഘട്ടം ആയിരുന്നു കഴിഞ്ഞു പോയ മൂന്നുവർഷക്കാലം എന്ന് വൈസ്ചെയർമാൻ ഓർമിക്കുകയുണ്ടായി. ഒരു ഔട്ടിംഗ് നാം പ്ലാൻ ചെയ്തിരുന്നു. അത് മഴയുടെ കാരണത്താൽ നീക്കിവയ്ക്കപ്പെടുകയുണ്ടായി എന്ന് വൈസ്ചെയർമാൻ സൂചിപ്പിച്ചു. വാർഷികപൊതുയോഗത്തിന് വരുമ്പോൾ ബൈബിൾ സൊസൈറ്റി മെമ്പറായിട്ടുള്ള അഞ്ചുപേരെയെങ്കിലും പങ്കെടുപ്പിക്കാൻ ഓരോരുത്തരും ശ്രമിക്കണമെന്ന് പറയുകയുണ്ടായി.

പിഒസിയുടെ ഇക്കാലംവരെ പ്രസിദ്ധീകരിച്ച ബൈബിൾ എല്ലാം എക്സിബിറ്റ് ചെയ്യുന്ന രീതിയിലേക്ക് ഒരു സ്ഥലം കണ്ടെത്തണം എന്ന ഒരു നിർദേശം ടോണി അച്ചൻ മുന്നോട്ടുവച്ചു. അതുപോലെ തന്നെ ജൂബിലി വർഷത്തിൽ ആയിരിക്കുന്ന കൗൺസിൽ അംഗങ്ങൾക്ക് ഒരു ഓർമസൂചകമായി എന്തെങ്കിലും പുതുമയോടുകൂടി ചെയ്യേണ്ടതുണ്ട് എന്ന നിർദേശം അനുസരിച്ച് മൈ സ്റ്റാമ്പ് എന്നൊരു പ്രൊജക്റ്റിനെപ്പറ്റി അംഗം സൂചിപ്പിക്കുകയും അതിനെപ്പറ്റി കൂടുതൽ അന്വേഷിക്കാൻ യോഗം അദ്ദേഹത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. ജൂബിലി ലോഗോസിന്റെ വാർത്ത പ്രെസ്മീറ്റ് വിളിച്ചുചേർത്ത് പത്രമാധ്യമങ്ങളിൽ നല്കണമെന്ന ആശയം വന്നു.

തുടർന്ന് ഓഡിറ്റ് ചെയ്ത കണക്കുകൾ ട്രഷറർ, സി. ഐഡ അവതരിപ്പിച്ചു. ഓപ്പണിംഗ് സ്റ്റോക്കിലെ വർധനവിനെപ്പറ്റി അംഗം സംശയം ഉന്നയിച്ചു. ബൾക്കായി ബൈബിളുകൾ പ്രിന്റ് ചെയ്യുമ്പോൾ നമുക്ക് രൂപയിൽ ഇളവ് ലഭിക്കുന്നുണ്ട്. ആറുമാസംകൊണ്ടുതന്നെ ബൈബിളുകളുടെ വില്പന നടക്കും എന്ന് സെക്രട്ടറി അച്ചൻ സൂചിപ്പിച്ചു. കൂടുതൽ സ്റ്റോക്കിൽ വരുന്നത് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ പുസ്തകങ്ങളും ലോഗോസിന് സമ്മാനം കൊടുക്കുന്ന പുസ്തകങ്ങളും മാത്രമാണ്. ലോഗോസിന്റെ ചിലവ് കുറയ്ക്കുന്നതിനെക്കുറിച്ച് നിർദേശം വന്നു. ഇപ്പോഴുള്ള ചിലവ് സംഖ്യ ഏറ്റവും കുറവുള്ള സംഖ്യയാണെന്നും വർഷാവർഷങ്ങളിൽ അതല്പം കൂടുവാനേ സാധ്യതയുള്ളുവെന്നും സെക്രട്ടറി അച്ചൻ അറിയിച്ചു. രജിസ്ട്രേഷൻ സംഖ്യ

കഴിഞ്ഞവർഷത്തെതിനെക്കാൾ വർധനവുണ്ട് എന്ന് അറിയിച്ചു. 19 ലക്ഷത്തോളം രൂപ ഈ വർഷം ലാഭകരമായി വന്നിട്ടുണ്ടെന്നും, അതിനായി ഇൻകംടാക്സിൽ ഒരു ഫോം സബ്മിറ്റ് ചെയ്താൽ മാത്രമേ ടാക്സ് ഇളവ് ലഭിക്കുകയുള്ളൂ എന്നും ഓഡിറ്റർ അറിയിച്ചു. ടോട്ടൽ ഫിഗർ കൂട്ടിയതിലുണ്ടായ ചെറിയൊരു പിഴവ് അംഗം ചൂണ്ടിക്കാണിച്ചു. ഓഡിറ്റ് റിപ്പോർട്ട് മലയാളത്തിൽ വായിക്കാനുള്ള സംവിധാനം ചെയ്യണമെന്ന് യോഗം സൂചിപ്പിച്ചു. എക്സെപ്ഷണൽ രജിസ്ട്രേഷന്റെ കാലാവധി 2025 സെപ്റ്റംബർ വരെയാണെന്ന് ഓഡിറ്റർ യോഗാംഗങ്ങളെ അറിയിച്ചു. ഫിക്സഡ് ഡെപ്പോസിറ്റിന്റെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട് എന്ന് ഓഡിറ്റർ സൂചിപ്പിച്ചു. ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ടാലി സോഫ്റ്റ്‌വെയർ പഴക്കം ചെന്നതാണെന്നും പുതിയവേർഷൻ ആക്കേണ്ടതുണ്ടെന്നും ഓഡിറ്റർ പറയുകയുണ്ടായി. കണക്കുകളുടെ ലെഡ്ജറിനു പകരം ഡേബുക്കാണ് പ്രിന്റ് എടുത്തുവയ്ക്കാറുള്ളത്.

തുടർന്ന് ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് വായിക്കുകയുണ്ടായി. ഡിജിറ്റുകൾ എല്ലാം റൗണ്ട് ഫിഗറിൽ വരത്തക്കരീതിയിൽ ചെയ്യണമെന്ന നിർദേശം വന്നു. ഇപ്രാവശ്യം ലാഭം നല്ല രീതിയിൽ വർധനവുണ്ടായിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. കണക്കിലെ ഷെഡ്യൂൾ 1 പ്രകാരം ഓർഡിനറി മെമ്പർഷിപ്പിൽ കാര്യമായ വർധന ഉണ്ടാക്കണമെന്ന് തോമസ് തറയിൽ അച്ചൻ യോഗാംഗങ്ങളെ ഓർമിപ്പിച്ചു. പണത്തിനല്ല പ്രാധാന്യമെന്നും കൂടുതൽ ആളുകൾ ബൈബിൾ സൊസൈറ്റിയുമായി ബന്ധപ്പെടുത്തണം എന്നും പിഒസി ഡയറക്ടർ കൂട്ടിച്ചേർത്തു.

തുടർന്ന് 2025-26ലെ ബഡ്ജറ്റ് അവതരിപ്പിച്ചു. കണക്കുകൾ യോഗം പാസാക്കി. അടുത്ത സമിതിയിലേക്ക് പ്രവർത്തിക്കാൻ സാധിക്കുന്ന ഒരു ടീമിനെ കണ്ടെത്തുകയെന്നത് ഇപ്പോഴത്തെ കൗൺസിൽ അംഗങ്ങളുടെ ഭാരിച്ച ചുമതലയാണ് എന്ന് ടോണി അച്ചൻ അഭിപ്രായപ്പെട്ടു. വാർഷിക പൊതുയോഗത്തിന്റെ മാസ്റ്റർ ഓഫ് സെറിമണിക്ക് ശ്രീ. ഷാബി തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോഴത്തെ കൗൺസിൽ അംഗങ്ങളിൽ ആരും തന്നെ 3 ടേം തുടർച്ചയായിട്ട് കൗൺസിൽ അംഗങ്ങൾ ആയിട്ടില്ലാത്തവരാണ് ആയതിനാൽ എല്ലാവർക്കും മത്സരിക്കാവുന്നതാണ് എന്ന് വൈസ്ചെയർമാൻ സൂചിപ്പിച്ചു.

ശ്രീ. ഷാബി എല്ലാവർക്കും നന്ദി അർപ്പിച്ചു. പി. ഒ.സി. ഡയറക്ടർ തോമസ് തറയിൽ അച്ചന്റെ ആശീർവാദത്തോടെ മീറ്റിംഗ് ഉച്ചക്ക് 1.00ന് അവസാനിച്ചു.

അംഗങ്ങൾക്കെല്ലാവർക്കും പരിഷ്ക്കരിച്ച ബൈബിളും ജീവൻ തേയില (500 g.m)സമ്മാനമായി നല്കി. 22 അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വാർഷികപൊതുയോഗം
**12.07.2025 @ 2.00 P.M**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2025 ജൂലൈ 12ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് പി.ഒ.സിയിൽ വച്ച് ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിൽ നടന്നു. സി. നീതു CTC, യുടെ ഈശ്വര പ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു.

വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം, അഭിവന്ദ്യപിതാവിനെയും മറ്റെല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്തു. തുടർന്ന് ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ നേതൃത്വത്തിൽ മരണംമൂലം വേർപെട്ട ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കുവേണ്ടി അനുസ്മരണപ്രാർഥനാശുശ്രൂഷ നടത്തി.

തുടർന്ന് വാർഷിക റിപ്പോർട്ടുകൾ സെക്രട്ടറി, ഫാ. ജോജു കോക്കാട്ട് അവതരിപ്പിക്കുകയും പ്രവർത്തനറിപ്പോർട്ട് ജോ. സെക്രട്ടറി ശ്രീ. ജോസഫ് പന്തപ്ലാക്കൽ വായിക്കുകയും ചെയ്തു. റിപ്പോർട്ടുകൾ യോഗം പാസാക്കി. തുടർന്ന്, ട്രഷറർ സി. ഇസബെല്ല ഐഡ CTC, വാർഷിക കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് ഓഡിറ്റർ ശ്രീ. M.J ജോസ് ഓഡിറ്റ് ചെയ്ത കണക്കുകൾ അവതരിപ്പിച്ചു. ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് സെക്രട്ടറി അച്ചൻ വായിച്ചു. കണക്കുകൾ ശ്രീ.

ബേബി മൂക്കൻ പിൻതാങ്ങുകയും യോഗം പാസാക്കുകയും ചെയ്തു.

തുടർന്ന് അധ്യക്ഷപ്രസംഗമായിരുന്നു. പ്രവൃത്തിയിലൂടെ പ്രസംഗിക്കുന്നവരാണ് നാം. പുണ്യപ്രവർത്തനങ്ങൾക്കുപരിയായി ദൈവത്തെ പൂർണാത്മാവോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കാനും നാം ജീവിക്കുന്ന ചുറ്റുപാടിൽ വചനത്തിന്റെ പ്രകാശം പരത്താനും നമുക്ക് സാധിക്കണം. മൂന്ന് വർഷക്കാലം വചനത്തെ കൂടുതൽ ആളുകളിലേക്ക് എത്തിക്കാൻ അശ്രാന്തം പരിശ്രമിച്ച എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക് അനുമോദനങ്ങളും ആശംസകളും അർപ്പിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് അധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു.

തുടർന്ന് പുതിയനിയമം ബൈബിൾ പകർത്തിയെഴുത്തിന്റെ സമ്മാനദാന ചടങ്ങായിരുന്നു. വ്യക്തിഗതം, സ്ഥാപനം, കുടുംബം എന്നീ വിഭാഗങ്ങളിൽ നടത്തിയ മത്സരത്തിൽ വിജയികളായ 10വരെയുള്ള സ്ഥാനക്കാർക്ക് 6000, 3000, 2500 എന്നിങ്ങനെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും പുതിയനിയമം ബൈബിളും ഡോ. പ്രസാദ് അച്ചന്റെ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾക്ക് ഒരാമുഖം എന്ന പുസ്തകത്തിന്റെ മൂന്നാം വാല്യവും സമ്മാനമായി നല്കി.

തുടർന്ന് എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പായിരുന്നു. അതിനുവേണ്ടി വരണാധികാരികളായി മീഡിയാ കമ്മീഷൻ സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ, ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. മൈക്കിൾ പുളിക്കൽ CMI എന്നിവർ നിർദേശിക്കപ്പെട്ടു. ജൂബിലിവർഷത്തിന്റെ ഭാരിച്ച ചുമതലകളിൽ ആയിരിക്കുന്ന ഇപ്പോഴത്തെ മാനേജിംഗ് കൗൺസിൽ അംഗങ്ങൾ തന്നെ തുടരുന്നതായിരിക്കും നല്ലതെന്ന അഭിപ്രായം ശ്രീ. ഡേവിസ് കാഞ്ഞൂർ ഉന്നയിച്ചു. ശ്രീ. റോബി പെട്ട, ശ്രീ. ബിനു എസ്. എന്നിവർ ആ നിർദേശത്തെ പിൻതാങ്ങി. അത്തരമൊരു നിർദേശം നല്ലതാണ് പക്ഷെ എല്ലാ രൂപതകളിലെയും പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതുണ്ടെന്ന് ശ്രീ. ബേബി മൂക്കൻ നിർദേശിച്ചു. രജിസ്റ്റർ ചെയ്തിട്ടുള്ള ഈ ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ് ലാഘവത്തോടെ കാണരുതെന്നും തുടർച്ചയായി മൂന്നു ടേമുകളിൽ അംഗങ്ങളായിട്ടുള്ളവർ തുടരാൻ അനുവദിക്കപ്പെട്ട സമിതിയിൽ അംഗങ്ങളായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ടെന്നും ശ്രീ. സാബു ജോസ് അഭിപ്രായപ്പെട്ടു. ഈ മാനേജിംഗ് കൗൺസിൽ അംഗങ്ങളിൽ തുടരാൻ അയോഗ്യതയുള്ള ആരെങ്കിലും ഉണ്ടോ എന്ന് ഇലക്ഷനുമുമ്പ് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു. ജൂബിലി ലോഗോസ് ക്വിസ്സിന്റെ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ടെന്നും ജനറൽബോഡി ഐക്യകണ്ഠേന പാസാക്കിയ ഈ സമിതി തന്നെ തുടരാനുള്ള തീരുമാനം, തുടങ്ങിവച്ച പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ഏറെ സഹായകമാകുമെന്നും സെക്രട്ടറി അച്ചൻ അറിയിച്ചു.

തുടർന്ന് ബൈബിൾ പ്രേഷിതമേഖലയിലെ പ്രവർത്തനങ്ങളെ ആധാരമാക്കിയുള്ള ആദരിക്കൽ ചടങ്ങായിരുന്നു. എറണാകുളം അതിരൂപതയിലെ കാഞ്ഞൂർ ഇടവകയിലെ ശ്രീ. തങ്കച്ചൻ, വരാപ്പുഴ അതിരൂപതയിലെ മഞ്ഞുമ്മൽ ഇടവകയിലെ ശ്രീ. പെറ്റ്സൺ എന്നിവരെ പ്രത്യേകം ആദരിച്ചു.

തുടർന്ന് സെക്രട്ടറി അച്ചൻ ബഡ്ജറ്റ് അവതരിപ്പിച്ചു. അതിനുശേഷം അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ നാമഹേതുക തിരുനാളിന്റെ ഭാഗമായി കേക്ക് മുറിക്കുകയുണ്ടായി.

ബൈബിൾ സൊസൈറ്റി അംഗങ്ങളുടെ കൂട്ടായ്മ ഓരോ രൂപതകളിലും ശക്തിപ്പെടുത്തുകയും മീറ്റിംഗുകൾ രൂപതകളിലും നടത്തി കൂട്ടായ്മകൾ ശക്തിപ്പെടുത്തണമെന്നും ശ്രീ. ബേബി മൂക്കൻ അഭിപ്രായപ്പെട്ടു. ലോഗോസ് എൻഡോവ്മെന്റുകളുടെ ലിസ്റ്റ് ബുള്ളറ്റിനിൽ ഇപ്രാവശ്യം ചേർത്തിട്ടുള്ളതിൽ സന്തോഷം രേഖപ്പെടുത്തുകയും കമ്മിറ്റി അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. ബൈബിൾ സൊസൈറ്റി മെമ്പർമാരുടെ ഒരു ലിസ്റ്റ് രൂപതാബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർമാർക്ക് നല്കിക്കൊണ്ട് അത്തരത്തിൽ കൂട്ടായ്മകൾ

വയ്ക്കുവാനുള്ള ശ്രമങ്ങൾ നടത്താം എന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു. പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് പുറത്തിറക്കിയിട്ടുള്ള മൈസ്റ്റാമ്പ് എന്നൊരു പ്രോജക്റ്റിൽ ലോഗോസിന്റെ ജൂബിലി വർഷം പ്രമാണിച്ച് ലോഗോസിന്റെ എംബ്ലം വച്ചുകൊണ്ട് സ്റ്റാമ്പ് ചെയ്യുവാനുള്ള നിർദേശം മാനേജിംഗ് കൗൺസിൽ അംഗം ഉന്നയിച്ചു. അതോടൊപ്പം ഒരു സ്മരണിക പുറത്തിറക്കാനുള്ള നിർദേശവും വച്ചു. ലോഗോസ് സ്മരണിക നല്ലൊരു ആശയമായി കണ്ടുകൊണ്ട് അതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ വൈസ്ചെയർമാനെയും ജോയിന്റ് സെക്രട്ടറിയെയും ചുമതലപ്പെടുത്തി.

ചർച്ചകൾക്കുശേഷം ജോ. സെക്രട്ടറി ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. സെക്രട്ടറി അച്ചന്റെ സമാപന ആശീർവാദത്തോടെ യോഗം അഞ്ചുമണിക്ക് അവസാനിച്ചു. ബൈബിൾ സൊസൈറ്റി അംഗങ്ങൾക്ക് പുതിയനിയമം ബൈബിളും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾക്ക് ഒരാമുഖം എന്ന പുസ്തകത്തിന്റെ മൂന്നാം വാല്യവും സമ്മാനമായി നല്കി. യോഗത്തിൽ 165 അംഗങ്ങൾ പങ്കെടുത്തു.

**കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 26-07-2025 @ 11.30 A.M**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2025 ജൂലൈ 26ന് പി.ഒ.സി.യിൽ വച്ച് നടന്നു. 2025-2028 കാലഘട്ടത്തിലെ ആദ്യത്തെ യോഗത്തിലേക്ക്, സെക്രട്ടറി ഫാ. ജോജു കോക്കാട്ട്, എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്തു.

തുടർന്ന് അനുഗ്രഹപ്രഭാഷണമായിരുന്നു. സുവിശേഷം പ്രസംഗിക്കുക എന്ന വിശാലമായ കടമയാണ് നമുക്കുള്ളത്. വചനത്തോട് ജനങ്ങളെ ചേർത്ത് നിർത്താൻ ജനത്തെ ഒരുക്കുന്ന കർമപരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പുതിയകാലഘട്ടത്തിന്റെ വെല്ലുവിളികളെ മറികടന്ന് വചനത്തോടുള്ള ആഭിമുഖ്യം വളർത്താനുള്ള പദ്ധതികൾ വിഭാവനം ചെയ്യാൻ സാധിക്കട്ടെ എന്ന ആശംസകളോടെ പിഒസി ഡയറക്ടർ റവ. ഫാ. തോമസ് തറയിൽ തന്റെ അനുഗ്രഹപ്രഭാഷണം അവസാനിപ്പിച്ചു.

തുടർന്ന് നടന്ന അധ്യക്ഷപ്രസംഗത്തിൽ 2022-2025 കാലഘട്ടത്തിലെ സമിതിതന്നെ 2025-28 കാലയളവിലേക്ക് അവരോധിക്കപ്പെട്ടത് ചരിത്രത്തിൽ തന്നെ രണ്ടാം തവണയാണ് എന്ന് വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം സൂചിപ്പിച്ചു. അതുകൊണ്ടുതന്നെ കഴിഞ്ഞ ടേമിനെക്കാളും ഊർജസ്വലമായി നാം പ്രവർത്തിക്കേണ്ടതുണ്ടെന്നും ലാഘവത്തോടെ മീറ്റിംഗുകളെ കാണരുതെന്നും പറയുകയുണ്ടായി. നിയമാവലി കൃത്യമായി പാലിച്ചുകൊണ്ട് അടുത്ത ടേമിൽ തുടർച്ചയായ മൂന്ന് മീറ്റിംഗുകളിൽ കാരണം കൂടാതെ സംബന്ധിക്കാത്തവർ Automatic ആയി പുറത്താക്കപ്പെടും എന്ന് അറിയിച്ചു. അതുപോലെ മെമ്പർഷിപ്പിന്റെ എണ്ണം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും എല്ലാ അംഗങ്ങളെയും ഓർമിപ്പിച്ചു. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ കൊണ്ട് സജീവമായ നേതൃത്വം ഉണ്ടാകട്ടെ എന്ന ആശംസകളോടെ വൈസ്ചെയർമാൻ ആന്റണി പാലിമറ്റം അധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു.

അതിനുശേഷം സി. ഐഡ റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം പാസാക്കുകയും ചെയ്തു. ചർച്ചകൾക്കു മുമ്പായി, ശ്രീ. ജോസഫ് പന്തപ്ലാക്കലിനെ 2025-28 കാലയളവിലേക്കുള്ള ജോയിന്റ് സെക്രട്ടറിയായി അവരോധിക്കുകയും യോഗം കയ്യടിച്ച് പാസാക്കുകയും ചെയ്തു. ഏഴ് അംഗങ്ങൾ എക്സിക്യൂട്ടീവ് കൗൺസിലിലേക്കും അവരോധിക്കപ്പെട്ടു.

ജൂബിലി വർഷത്തിൽ ഒരു സ്മരണിക ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കാനും വളരെ ചുരുങ്ങിയ നമ്പർ മാത്രം പ്രിന്റ് ചെയ്യാൻ തീരുമാനിക്കുകയും അതിന്റെ ചുമതലകൾ വൈസ്ചെയർമാനെയും ജോയിന്റ് സെക്രട്ടറിയെയും

യോഗം ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ ജൂബിലി വർഷ സ്മരണാർഥം സ്റ്റാമ്പ് തയ്യാറാക്കുന്നതിനായി ജോയ് എൻ. ലാസറിനെയും മനുവിനെയും യോഗം ചുമതലപ്പെടുത്തി. ജൂബിലി സമാപന സമ്മേളനം ഏറ്റവും ഭംഗിയാക്കുന്നതിനായി, വൈസ് ചെയർമാൻ, ജോ. സെക്രട്ടറി, സി. ലിസ്സി, ശ്രീ. ഓബി, ശ്രീമതി. ഡാലി വിൻസെന്റ്, ശ്രീ. ആൻസൺ ജോൺ എന്നിവരടങ്ങുന്ന ഒരു ജൂബിലി കമ്മിറ്റിയെ യോഗം നിർദേശിച്ചു. ലോഗോസ് ക്വിസ്സിന്റെ പബ്ലിസിറ്റിയുടെ ഭാഗമായി പ്രസ്മീറ്റ് ഇവിടെ സംഘടിപ്പിക്കുക എന്നത് ഭാരിച്ച ചിലവേറിയ ഒന്നാണെന്നും, അത് എത്രമാത്രം ഫലപ്രദമാകുമെന്നും സംശയം ഉന്നയിച്ചു. ലോഗോസ് പങ്കാളിത്തം കൂട്ടുന്നത് ഇക്കാലഘട്ടത്തിൽ വളരെബുദ്ധിമുട്ടേറിയ ഒരു കാര്യമാണ്. പത്രത്തിൽ കൊടുക്കുന്ന ഒരു വാർത്ത കൊണ്ട് എണ്ണം വർധിപ്പിക്കുക എന്നത് സാധ്യമാകില്ല എന്ന് സെക്രട്ടറിയച്ചൻ സൂചിപ്പിക്കുകയും അതിനെപ്പറ്റി അന്വേഷിക്കാൻ സെക്രട്ടറി അച്ചൻ, വൈസ്ചെയർമാൻ, ശ്രീ. ഓബി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. കത്തോലിക്കാ ടി.വി ചാനലുകളിൽ ലോഗോസ് ക്വിസ്സ് രജിസ്ട്രേഷനെപറ്റിയുള്ള വീഡിയോകൾ അപ്‌ലോഡ് ചെയ്യുന്നത് നല്ലതായിരിക്കും എന്ന് യോഗാംഗം അഭിപ്രായപ്പെട്ടു. ഇപ്പോൾ നടത്തി ക്കൊണ്ടിരിക്കുന്ന രൂപതാതല മീറ്റിംഗുകൾ തുടർന്നുകൊണ്ട് പോകണം എന്ന നിർദേശം വന്നു. ബൈബിൾ പാരായണം കുറച്ചുകൂടി ശക്തമാക്കണം എന്ന അഭിപ്രായം യോഗം ഉന്നയിച്ചു. കെ.സി.ബി.സി. തലത്തിൽ ബൈബിൾ പാരായണം നടത്തുന്നുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ഡാനിയൽ പൂവണ്ണത്തിലച്ചന്റെ പരിഷ്ക്കരിച്ച ബൈബിൾ വായനയുടെ വീഡിയോകളിലൂടെ ലോഗോസിനെപ്പറ്റി പറയുന്നത് നല്ലതായിരിക്കും എന്ന് യോഗം നിർദേശിച്ചു. സ്റ്റാമ്പ് പ്രൊജെക്റ്റിന്റെ ഭാഗമായി പോസ്റ്റൽ ഡിപ്പാർമെന്റിൽ നിന്നും ലഭിച്ച വിവരങ്ങൾ ശ്രീ. ജോയ് എൻ. ലാസർ യോഗാംഗങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുകയും ഏറ്റവും ചിലവ് ചുരുങ്ങിയ രീതിൽ ചെയ്യുവാനുള്ള തീരുമാനം യോഗം പ്രകടിപ്പിക്കുകയും ചെയ്തു. കെ.സി.എം.എസ് പ്രസിഡന്റ് വഴിയായി എല്ലാ രൂപതകളിലെയും കോൺവെന്റുകളിലേക്കും ലോഗോസ് അറിയിപ്പ് പോയിട്ടുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

ചർച്ചകൾക്കു ശേഷം എക്സിക്യൂട്ടീവ് മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ ട്രോഫി പി.ഒ.സി. ഡയറക്ടർ ഫാ. തോമസ് തറയിൽ വിതരണം ചെയ്തു. നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീമതി. ആനി ജോസഫിന് സമ്മാനം നല്കുകയും, ജൂലൈ 25ന് നാമഹേതുക തിരുനാൾ ആഘോഷിച്ച അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ സ്വീറ്റ്സും മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീമതി. സെലിൻ, വിദേശരാജ്യം സന്ദർശിച്ചതിന്റെ ഭാഗമായി കൊണ്ടുവന്ന സ്വീറ്റ്സും അംഗങ്ങൾക്ക് വിതരണം ചെയ്തു.

തുടർന്ന് ജോ. സെക്രട്ടറി ശ്രീ. ജോസഫ് പന്തപ്ലാക്കൽ ഏവർക്കും നന്ദി അർപ്പിച്ചു. ഉച്ചക്ക് ഒരു മണിക്ക് യോഗം അവസാനിച്ചു. 19 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

**കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ യോഗം 26-07-2025 @ 1.15 P.M**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2025-28 കാലയളവിലെ ആദ്യത്തെ എക്സിക്യൂട്ടീവ് കൗൺസിൽ യോഗം 26-07-2025 ന് ഉച്ചക്ക് പി.ഒ.സി.യിൽ വച്ച് നടന്നു. 2025-28 കാലയളവിലെ ആദ്യത്തെ യോഗത്തിൽ വാർഷികപൊതുയോഗം ഐക്യകണ്ഠേന പാസാക്കിയ ഈ സമിതിയിലെ എക്സിക്യൂട്ടീവ് അംഗങ്ങൾ ശ്രീ. ആന്റണി പാലിമറ്റത്തെ വൈസ്ചെയർമാനായി അവരോധിക്കുകയും കയ്യടിച്ച് പാസാക്കുകയും ചെയ്തു. നിയമാവലി പ്രകാരം

മാനേജിംഗ് കൗൺസിൽ കൂടിയതിനുശേഷം വരുന്ന എക്സിക്യൂട്ടീവ് ആണിതെന്ന് സെക്രട്ടറി അച്ചൻ സൂചിപ്പിച്ചു.

ലോഗോസും ജൂബിലി വർഷവും ഏറ്റം മനോഹരമാക്കാൻ പരിശ്രമിക്കുക എന്നതാണ് ഓരോ അംഗങ്ങളുടെയും കടമ എന്ന് സൂചിപ്പിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് എല്ലാവിധ ആശംസകളും അർപ്പിക്കുകയും ചെയ്തു.

എക്സ് ഒഫിഷ്യോ ആയിരിക്കുന്ന പി.ഒ.സി. ഡയറക്ടർ ഫാ. തോമസ് തറയിൽ അച്ചനും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും നന്ദി അർപ്പിച്ചുകൊണ്ട് മീറ്റിംഗ് അവസാനിച്ചു.

**കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടീവ് യോഗം**
**11-10-2025 @ 10.30 A.M**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് യോഗം ഒക്ടോബർ മാസം 11ന് പിഒസിയിൽ വച്ച് 10.30ന് കൂടുകയുണ്ടായി. റവ. ഫാ. ജോജു കോക്കാട്ട് എല്ലാ അംഗങ്ങളെയും മീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു.

തുടർന്ന് ലോഗോസിന്റെ പങ്കാളിത്തം കുറഞ്ഞുപോകാതിരുന്നത് നമ്മുടെ പരിശ്രമങ്ങളുടെ ഭാഗമാണെന്നും രജിസ്റ്റർ ചെയ്ത ഭൂരിഭാഗം പേരും പരീക്ഷ എഴുതി എന്നതും ഇപ്രാവശ്യത്തെ പ്രത്യേകതയാണെന്ന് വൈസ്ചെയർമാൻ അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. ലോഗോസ് ആനിമേറ്റർമാരുടെ ഇടപെടൽ ഒന്നു രണ്ടു രൂപതകളിൽനിന്നും നെഗറ്റീവ് അഭിപ്രായം ലഭിക്കാൻ ഇടയായി എന്ന് സൂചിപ്പിക്കുകയുണ്ടായി.

തുടർന്ന് റിപ്പോർട്ട് അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തു. ജൂബിലി ലോഗോസ് ക്വിസ് സമാപനം ഭംഗിയാക്കാനുള്ള ചർച്ചകൾ നടന്നു. നാളിതുവരെയുള്ള ലോഗോസ് പ്രതിഭകളെയും ബൈബിൾ ഡയറക്ടർ അച്ചന്മാരെയും പ്രത്യേകം ആദരം അർഹിക്കുന്ന ഇടവകവികാരികളെയും ക്ഷണിക്കാനുള്ള നിർദേശം വന്നു. രൂപതയിലെ ഏറ്റവും ഉയർന്ന മാർക്ക് കരസ്ഥമാക്കിയവർക്ക് സമ്മാനം കൊടുക്കാനുള്ള നിർദേശം വന്നു. അല്ലെങ്കിൽ ജൂബിലി ലോഗോസുമായി ബന്ധപ്പെട്ട് രൂപതകൾ നിർദേശിക്കുന്ന അർഹതയുള്ള ഒരാൾക്ക് സമ്മാനം നല്കാനുള്ള നിർദേശവും വന്നു. 25 വർഷങ്ങളിലെയും സെക്രട്ടറി അച്ചന്മാരെയും വൈസ്ചെയർമാൻ, ട്രഷറർ, ജോയിന്റ് സെക്രട്ടറിമാർ എന്നിവരെയും ക്ഷണിക്കാൻ നിർദേശം വന്നു. സൊസൈറ്റി അംഗങ്ങൾക്ക് ജൂബിലി ലോഗോസ് അറിയിപ്പ് നല്കാനുള്ള നിർദേശവും വന്നു. ചർച്ചകൾക്കുശേഷം ജോയിന്റ് സെക്രട്ടറി എല്ലാവർക്കും നന്ദി പറഞ്ഞു.

**കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ**
**യോഗം 11-10-2025 @ 11.00 A.M**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം ഒക്ടോബർ മാസം 11ന് പി.ഒ.സി.യിൽ വച്ച് രാവിലെ 11മണിക്ക് കൂടുകയുണ്ടായി. ജൂബിലി ലോഗോസ് സമാപനത്തിനു മുമ്പ് കൂടുന്ന മീറ്റിംഗ് ആയിരുന്നു. സെക്രട്ടറി അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പരീക്ഷയുടെ ആദ്യഘട്ടം വളരെ വിജയകരമായി അവസാനിച്ചെന്നും 25 വർഷമായിട്ടും ആളുകൾ പരീക്ഷയിൽ താല്പര്യം കാണിച്ചുകൊണ്ട് പങ്കെടുക്കാനെത്തുന്നത് വലിയ കാര്യം തന്നെയാണെന്നും അച്ചൻ കൂട്ടിച്ചേർത്തു. ജൂബിലി ലോഗോസ് സമാപനം എങ്ങനെ വിജയമാക്കാം എന്ന് ചർച്ച ചെയ്യുകയെന്നതാണ് ഈ മീറ്റിംഗിന്റെ ലക്ഷ്യം എന്ന് സെക്രട്ടറി അച്ചൻ കൂട്ടിച്ചേർത്തു.

സഭ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ട ബൈബിൾ പ്രേഷിതമേഖലയാണ് ബൈബിൾ സൊസൈറ്റി. എല്ലാ രൂപതകളും അവരവരുടേതായ ക്വിസ് പ്രോഗ്രാമുകൾ നടത്താനുള്ള തയ്യാറെടുപ്പ് വളരെ ഖേദകരമാണെന്ന്

വൈസ്ചെയർമാൻ അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിച്ചു. കെ.സി.ബി.സി.യിൽ പിതാക്കന്മാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യമാണിതെന്ന് വൈസ്ചെയർമാൻ സൂചിപ്പിക്കുകയുണ്ടായി. ലോഗോസിന്റെ ശക്തമായ നിലനില്പ്പ് വേണമെങ്കിൽ നമ്മുടെ പ്രാർഥന ആവശ്യമാണ്. രജിസ്റ്റർ ചെയ്തവരിൽ ഭൂരിഭാഗം ആളുകളും പരീക്ഷ എഴുതി എന്നത് ഇത്തവണത്തെ ഒരു പ്രത്യേകതയായിരുന്നു. ചോദ്യപേപ്പർ വളരെ എളുപ്പമാക്കാനും ജനകീയമാക്കാനും ജോജു അച്ചൻ നടത്തിയ പരിശ്രമങ്ങൾ വളരെ അഭിനന്ദാർഹമാണെന്ന് വൈസ്ചെയർമാൻ അറിയിച്ചു. മീറ്റിംഗുകളിൽ മൂന്നു തവണ അടുപ്പിച്ച് പങ്കെടുക്കാത്ത അംഗങ്ങളെ അറിയിപ്പു കൂടാതെ പുറത്താക്കുന്നതായിരിക്കും എന്ന് സൂചിപ്പിക്കുകയുണ്ടായി. ലോഗോസ് പരീക്ഷ സന്ദർശനത്തിന് പോയവരിൽ ഒന്നു രണ്ടു രൂപതകളിൽ നിന്നും നെഗറ്റീവ് കമന്റുകൾ വന്നിരുന്നു. അടുത്ത തവണ കൂടുതൽ ശ്രദ്ധിക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് അധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു.

തുടർന്ന് ജോയിന്റ് സെക്രട്ടറി ശ്രീ. ജോസഫ് പന്തപ്ലാക്കൽ റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം പാസാക്കുകയും ചെയ്തു.

ജൂബിലി ലോഗോസുമായി ബന്ധപ്പെട്ട് സുവനീർ ചെയ്യാൻ നിർദേശം വന്നിരുന്നു. കുറച്ചുമാത്രം പ്രിന്റ് ചെയ്തുകൊണ്ട് ബാക്കി ഡിജിറ്റൽ ഡോക്യുമെന്റ് രൂപത്തിൽ എല്ലാവർക്കും ലഭ്യമാക്കാൻ തീരുമാനിച്ചു. ലോഗോസ് ക്വിസ്സിന്റെ തുടക്കകാലങ്ങളിൽ സെക്രട്ടറിയായിരുന്ന സൈറസ് വേലംപറമ്പിൽ അച്ചനെ സ്മരണിക തയ്യാറാക്കുന്നതിന്റെ ഭാഗമായി ലേഖനം എഴുതാൻ ഏല്പിച്ച വിവരം യോഗാംഗങ്ങളെ അറിയിച്ചു. സ്മരണികയുടെ പ്രൂഫ് റീഡിംങ്ങിംഗ് നടത്താൻ വൈസ്ചെയർമാൻ, ജോയിന്റ് സെക്രട്ടറി, സി. ലിസ്സി ദേവസ്സി, ഡാലി വിൻസെന്റ് എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചു. ജൂബിലി ലോഗോസ് സമാപന ചടങ്ങിലേക്ക് ആദരം അർഹിക്കുന്ന വ്യക്തികളെ ക്ഷണിക്കുന്നതിനുവേണ്ടി ഓബി, ആനി ജോസഫ്, ഡോ. റെക്സ് എന്നിവർ അടങ്ങുന്ന ഒരു റിസപ്ഷൻ കമ്മിറ്റിയെക്കൂടി നിയോഗിച്ചു. പരിഷ്ക്കരിച്ച പുതിയനിയമം ബൈബിളിന്റെ എക്സിക്യൂട്ടിവ് ബൈബിളും അതിനോടൊപ്പം ലോഗോസ് എംബ്ലം പതിച്ച തിരിയോ, കപ്പോ സമ്മാനമായി നല്കാനും നിർദേശം വന്നു. ലോഗോസിന്റെ എംബ്ലം വച്ച് സ്റ്റാമ്പ് 400ൽ താഴെ മാത്രം പുറത്തിറക്കി ലോഗോസ് സമാപത്തിന് റിലീസ് ചെയ്യാൻ തീരുമാനിച്ചു. ജസ്റ്റിസ് കുര്യൻ ജോസഫ് സാറിനെ ജൂബിലി ലോഗോസ് സമാപനത്തിന് ക്ഷണിക്കുന്നത് ഉചിതമായിരിക്കുമെന്നൊരു നിർദേശം വന്നു. കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ പ്രസിഡന്റിനെയും ലോഗോസ് സമാപനത്തിന് ക്ഷണിക്കാം എന്ന് സെക്രട്ടറി അച്ചൻ നിർദേശം വച്ചു. നാളിതുവരെയുള്ള ലോഗോസ് പ്രതിഭകളെയും ബൈബിൾ സൊസൈറ്റി സെക്രട്ടറിമാർ, ട്രഷറർമാർ, വൈസ്ചെയർമാൻമാർ, ജോ. സെക്രട്ടറിമാർ, പ്രത്യേകം ആദരം അർഹിക്കുന്ന ഇടവകവികാരികളെയും ക്ഷണിക്കാനുള്ള നിർദേശം വന്നു. സാമൂഹ്യമാധ്യമങ്ങളിൽ ഇടയ്ക്കിടയ്ക്ക് ലോഗോസിന്റെ അപ്ഡേറ്റുകൾ കൊടുക്കാൻ ഒരു കമ്മിറ്റിയെക്കൂടി നിർദേശിച്ചു. ജോസഫ് പന്തപ്ലാക്കൽ, പി. ആർ. ആന്റണി, പി.കെ. ജോസഫ് എന്നിവരെ യോഗം ചുമതലപ്പെടുത്തി. ലോഗോസ് വലിയ ഉത്തരവാദിത്വത്തോടെ ചെയ്തിട്ടുള്ള ഇടവകകളിലെ വളരെ ആക്റ്റീവായി പ്രവർത്തിച്ച അച്ചന്മാരെ പ്രത്യേകം ക്ഷണിക്കണം എന്ന് യോഗം നിർദേശിച്ചു. രൂപതയിൽ ടോപ്പ് മാർക്ക് കിട്ടിയതോ 25 കൊല്ലം നിരന്തരമായി പരീക്ഷ എഴുതിയിട്ടുള്ളതോ ആയ ഒരു വ്യക്തിയെ രൂപതയ്ക്ക് നിർദേശിക്കാം. ആ വ്യക്തിയെ ലോഗോസ് സമാപനത്തിന് ആദരിക്കാനുള്ള നിർദേശം വന്നു. അത് രൂപതകളിൽ ആശയകുഴപ്പം സൃഷ്ടിക്കും എന്ന ആശയം വന്നതിനാൽ രൂപതയിലെ റാങ്ക് ജേതാവിനെ മാത്രം പരിഗണിക്കാം എന്ന തീരുമാനത്തിലെത്തി. കാലഘട്ടത്തിനനുസരിച്ച് പരീക്ഷയ്ക്ക് ഒരു മാറ്റം വരേണ്ടതുണ്ട് എന്ന നിർദേശം യോഗാംഗം ഉന്നയിച്ചു. മിനിമം നാലോ അഞ്ചോ ലക്ഷം ആളുകളെ സ്ഥിരം പങ്കെടുപ്പിക്കാൻ തക്കവിധം ആളുകളെ ആകർഷിക്കുന്ന തരത്തിൽ എന്തെങ്കിലും

മാറ്റം കണ്ടുപിടിക്കേണ്ടതുണ്ട് എന്ന് സെക്രട്ടറി അച്ചൻ കൂട്ടിച്ചേർത്തു. സങ്കീർത്തനങ്ങൾ കുറച്ചു ഭാഗങ്ങൾ നല്കും അത് മനഃപാഠം പഠിച്ച് പറയുന്ന തരത്തിലേക്ക് ഒരു മത്സരം സംഘടിപ്പിക്കുന്നതിനെപ്പറ്റി സെക്രട്ടറി അച്ചൻ സംസാരിച്ചു. കൗൺസിൽ അംഗങ്ങൾ എല്ലാവരും തന്നെ ഇടവകവികാരിമാരുമായി നല്ലൊരു ബന്ധം കാത്തുസൂക്ഷിക്കണമെന്നും അതു വഴിമാത്രമേ ബൈബിൾ സൊസൈറ്റിയേയും ലോഗോസിനെയും വളർത്താൻ സാധിക്കൂ എന്നും വൈസ്ചെയർമാൻ കൂട്ടിച്ചേർത്തു. ബൈബിൾ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലോഗോസ് സമാപനത്തിന്റെ ക്ഷണം പോസ്റ്റ് ചെയ്യുമെന്നും സെക്രട്ടറി അച്ചൻ അറിയിച്ചു.

തുടർന്ന് ഓരോ അംഗങ്ങളും പരീക്ഷാസെന്ററുകൾ സന്ദർശിച്ചതിന്റെ വിവരങ്ങൾ എല്ലാവരുമായി പങ്കുവച്ചു. തുടർന്ന് പി.ആർ. ആന്റണി നന്ദി അർപ്പിച്ചു. അംഗങ്ങൾക്കെല്ലാവർക്കും പുസ്തകം (അവൻ നമ്മെ സ്നേഹിച്ചു) സമ്മാനമായി നല്കി. 19 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. യോഗം 1.30ന് അവസാനിച്ചു.

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 24-10-2025 @ 9.15 P.M

വൈകിട്ട് 9.15ന് ഓൺലൈനായി കൂടിയ മീറ്റിംഗ് സെക്രട്ടറി ജോജു കോക്കാട്ടച്ചന്റെ പ്രാർഥനയോടും സ്വാഗതത്തോടും കൂടി ആരംഭിച്ചു. ലോഗോസ് ക്വിസിന്റെ ജൂബിലി ആഘോഷത്തിന്റെ തീയതി മെഗാഫൈനൽ ദിനത്തിൽനിന്ന് മാറ്റി വേറൊരു തിയതിയിൽ ചെയ്യാൻ ചെയർമാൻ പിതാവ് ആവശ്യപ്പെട്ടതിനാലാണ് മീറ്റിംഗ് വിളിക്കുന്നതെന്ന് സെക്രട്ടറിയച്ചൻ ഓർമപ്പെടുത്തി. യോഗത്തിൽ വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം അധ്യക്ഷത വഹിച്ചു. തിയതി മാറ്റുവാനുള്ള ജെയിംസ് പിതാവിന്റെ നിർദേശം വളരെ നല്ലതാണെന്ന് യോഗം അറിയിച്ചു. ഒക്ടോബർ അവസാനത്തിൽ സെക്രട്ടറിയച്ചനും, വൈസ് ചെയർമാനും, ജോയിന്റ് സെക്രട്ടറിയും ട്രഷററും കൂടി പിതാവിനെ നേരിട്ട് കണ്ട് ജൂബിലി ആഘോഷകാര്യങ്ങൾ നിജപ്പെടുത്താൻ തീരുമാനിച്ചു. 2026 ഏപ്രിലിൽ സാധിക്കുകയാണെങ്കിൽ ഒരു Holy Land തീർഥയാത്ര ക്രമീകരിക്കാൻ നിർദേശിച്ചു. മുൻ പ്രതിഭയായ മെറ്റിൽഡ വാഗ്ദാനം ചെയ്യപ്പെട്ട Holy Land തീർഥയാത്ര പോയിട്ടില്ലെന്നുള്ളത് യോഗം ഓർമിപ്പിച്ചു. ലോഗോസ് ജൂബിലി വർഷത്തിൽ ലോഗോസിന്റെ ഒരു theme song സജ്ജമാക്കുവാൻ തീരുമാനിച്ചു. യോഗത്തിൽ 16 പേർ പങ്കെടുത്തു. ലോഗോസ് സെമിഫൈനൽ പരീക്ഷക്ക് എല്ലാവരും സഹകരിക്കണം എന്നോർമിപ്പിച്ചു. 10 മണിക്ക് പ്രാർഥനയോടെ യോഗം പര്യവസാനിച്ചു.

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 26-12-2025

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2025 ഡിസംബർ 26ന് മാനേജിംഗ് കൗൺസിൽ അംഗമായ ശ്രീ. ഫ്രാൻസിസ് സേവ്യറിന്റെ 25-ാം വിവാഹവാർഷികത്തോടനുബന്ധിച്ച് കൊച്ചി രൂപതയിലെ സാന്റാ ക്രൂസ് ബസിലിക്കയിൽ വച്ച് കൂടുകയുണ്ടായി. ബഹുമാനപ്പെട്ട ജോജു അച്ചൻ എല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു. സിൽവർ ജൂബിലി നിറവിലായിരിക്കുന്ന ദമ്പതികൾക്ക് ആശംസകൾ അർപ്പിച്ചു. ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും ചെയർമാനായി സ്ഥാനമേറ്റ കാഞ്ഞിരപ്പള്ളി രൂപതയുടെ മാർ ജോസ് പുളിക്കൽ പിതാവിന് അഭിനന്ദനങ്ങൾ അർപ്പിക്കുകയും, പിതാവിന്റെ സൗകര്യമനുസരിച്ച് മാനേജിംഗ് കൗൺസിൽ അംഗങ്ങൾ പിതാവിനെ സന്ദർശിക്കുമെന്നും തീരുമാനിച്ചു. ജൂബിലിയുടെ ആഘോഷങ്ങൾ പിതാവിനെ കണ്ട് തീരുമാനത്തിലെത്താമെന്നും അറിയിച്ചു. 20 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

**കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ**
**യോഗം 22-1-2026**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2026 ജനുവരി 22 ന് ഓൺലൈനായി നടത്തപ്പെട്ടു. ജോജു അച്ചൻ എല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു. ബൈബിൾ കമ്മീഷന്റെ പുതിയ ചെയർമാനായ ബിഷപ് ജോസ് പുളിക്കൽ പിതാവിന്റെ അടുത്ത് ഫെബ്രുവരി 28-ാം തിയതി 10.45ന് മാനേജിംഗ് കൗൺസിൽ നടത്താമെന്ന് തീരുമാനിച്ചു.

ലോഗോസ് ജൂബിലി ഏപ്രിൽ 18 ന് നടത്താനുള്ള ക്രമീകരണങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചു. 29-ാം തിയതിയിലെ രൂപത ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ ഡയറക്ടർമാരുടെ സൗകര്യം കൂടി അനുസരിച്ചാണ് തിയതി തീരുമാനിക്കുക എന്ന് അച്ചൻ അറിയിച്ചു. ചർച്ചകൾക്കുശേഷം ജോയിന്റ് സെക്രട്ടറി ശ്രീ. ജോസഫ് പന്തപ്ലാക്കൽ എല്ലാവർക്കും നന്ദി അർപ്പിച്ചു.

**കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ**
**യോഗം 28-02-2026**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ മീറ്റിംഗ് 28-02-2026ന് കാഞ്ഞിരപ്പള്ളി ബിഷപ്പ് ഹൗസിൽ വച്ച് കൂടുകയുണ്ടായി. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ പുതിയ ചെയർമാനായി ചുമതലയേറ്റ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അധ്യക്ഷതയിൽ മീറ്റിംഗ് ആരംഭിച്ചു. റവ. ഡോ. ജോജു കോക്കാട്ട് എല്ലാവരേയും മീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു. വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം ജോയിന്റ് സെക്രട്ടറി ശ്രീ. ജോസഫ് പന്തപ്ലാക്കൽ എന്നിവർ  പരിഷ്ക്കരിച്ച ബൈബിളും വി. ഫ്രാൻസിസ് അസ്സീസിയുടെ ജൂബിലി വർഷത്തെ ഓർമിപ്പിച്ചു കൊണ്ട് ഒരു ചെടിയും നല്കികൊണ്ട് പുതിയ ചെയർമാന് ആദരം പ്രകടിപ്പിച്ചു.

തുടർന്ന് അദ്ധ്യക്ഷപ്രസംഗമായിരുന്നു. ചെയർമാൻ പിതാവ് വളരെ ഹൃദ്യമായി എല്ലാ അംഗങ്ങൾക്കും കാഞ്ഞിരപ്പള്ളിയിലേക്ക് സ്വാഗതമാശംസിച്ചു. ദൈവത്തിന്റെ വചനം എല്ലാ ഹൃദയങ്ങളിലും എഴുതപ്പെടണം. വചനം എപ്രകാരം വ്യാഖ്യാനിക്കപ്പെടണം എന്നതിനെപറ്റി പിതാവ് വ്യക്തമാക്കി. എഴുതപ്പെട്ട വചനത്തിന്റെ ശുശ്രൂഷകരാണ് നാം. വചനം പരമാവധി ആളുകളിലേക്ക് എത്തിക്കണം. പരിഷ്ക്കരിച്ച ബൈബിളിന്റെ പൂർത്തീകരണത്തിന് നേതൃത്വം വഹിച്ച സെക്രട്ടറി അച്ചനും ടീമിനും പിതാവ് അഭിനന്ദനങ്ങൾ അർപ്പിച്ചു. മെച്ചപ്പെട്ട വേർഷനുകൾ പുറത്തിറക്കുന്നത് ആഴത്തിലുള്ള പഠനത്തിന് സഹായിക്കും എന്ന് പിതാവ് സൂചിപ്പിക്കുകയുണ്ടായി. പരമാവധി കുറഞ്ഞ വിലയ്ക്ക് ബൈബിൾ ലഭ്യമാക്കാൻ ബൈബിൾ സൊസൈറ്റി കർമപദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഓർമിപ്പിച്ചുകൊണ്ട് അദ്ധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു.

പി.ഒ.സി.യിൽ നിന്ന് ബൈബിളിന് ലഭിച്ചിരുന്ന സബ്സിഡി പൂർണമായും എടുത്തുമാറ്റിയത് വൈസ്ചെയർമാൻ, പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തി. അർഹിക്കുന്നവർക്ക് ബൈബിൾ സൗജന്യമായി കൊടുക്കാനുള്ള തീരുമാനവും പുതിയനിയമം ബൈബിൾ സൗജന്യമായി കൊടുക്കാനുള്ള തീരുമാനവും കൈക്കൊണ്ടു.

പിതാവിന്റെ നാമഹേതുക തിരുനാളും പിതാവിന്റെ സെക്രട്ടറിയുടെ ജന്മദിനവും ഉൾക്കൊള്ളിച്ച് ജോസഫ് നാമധാരികളും ഒരുമിച്ച് കേക്ക് മുറിക്കുകയും ശ്രീ. ഷാജി ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

തുടർന്ന് കാഞ്ഞിരപ്പള്ളി രൂപതയുടെ ബൈബിൾ ഡയറക്ടറായ മനു പുത്തൻവീട്ടിൽ അച്ചൻ രൂപതയിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ കുറിച്ച് സംസാരിച്ചു.

രൂപതാധ്യക്ഷന്മാരുമായി ബന്ധം സ്ഥാപിക്കണമെന്നും ബൈബിൾ സൊസൈറ്റിയുടെ ഭാരവാഹിത്വത്തിലുള്ള കാര്യം അറിയിക്കേണ്ടതുണ്ടെന്നും വൈസ്ചെയർമാൻ നിർദേശിച്ചു.

ജൂബിലി ചടങ്ങിലേക്ക് ആദരിക്കേണ്ട വ്യക്തികളുടെ പേരുവിവരം മാർച്ച് 15 നകം ഓഫീസിൽ എത്തിക്കാൻ തീരുമാനിച്ചു. സമാപന ചടങ്ങിൽ 300 പേരെയെങ്കിലും പങ്കെടുപ്പിക്കാൻ പരിശ്രമിക്കാനും ലോഗോസ് ജൂബിലിയോടനുബന്ധിച്ച് ഒരു സ്മരണിക പുറത്തിറക്കാനും ലോഗോസിന്റെ എംബ്ലം വച്ച് സ്റ്റാമ്പ് ഇറക്കാനും തീരുമാനിച്ചു. സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തുന്നവർക്ക് ലോഗോസ് എംബ്ലം പതിപ്പിച്ച ഒരു കപ്പും പരിഷ്ക്കരിച്ച ബൈബിളും സമ്മാനമായി നൽകും. കൂടാതെ മെമ്പർഷിപ് കാമ്പെയിൻ ഒന്നുകൂടി ശക്തിപ്പെടുത്തണമെന്നും ഓർമിപ്പിച്ചു.

ബൈബിൾ കോർ ടീം ഒന്നുകൂടി ചേർന്നുകൊണ്ട് ബൈബിൾ വിവിധ ഫോർമാറ്റുകളിലേക്ക് മാറ്റുന്നതിനുള്ള ചർച്ചകൾ നടത്തുന്ന കാര്യം സെക്രട്ടറി അച്ചൻ അറിയിച്ചു. ഏപ്രിൽ 11ന് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ അവധിക്കാല ക്ലാസ് നടത്തപ്പെടുന്നു. മെയ് മാസത്തിൽ ലോഗോസിന്റെ പോസ്റ്റർ റിലീസ് ചെയ്യുന്നതായിരിക്കും. മുൻ ചെയർമാൻ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ കാലത്ത് തീരുമാനിച്ച ഓഫീസ് നവീകരണ പ്രവർത്തനങ്ങൾ മെയ് മാസത്തിൽ തുടങ്ങുന്നതാണെന്ന് ജോസ് പുളിക്കൽ പിതാവിന്റെ സാന്നിധ്യത്തിൽ ഒരിക്കൽകൂടി ഓർമിപ്പിക്കുകയും ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനം സാധ്യമാക്കാൻ പറ്റുമെന്ന് സെക്രട്ടറി അച്ചൻ അറിയിക്കുകയും ചെയ്തു.

ചർച്ചകൾക്കുശേഷം പിതാവിന്റെ ആശീർവാദത്തോടുകൂടെ മീറ്റിംഗ് അവസാനിച്ചു. 24 മാനേജിംഗ് കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു. മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ തേനും, റവ. ഡോ. ജോമിൻ ജോസഫ് തയ്യാറാക്കിയ യോഹന്നാന്റെ സുവിശേഷത്തെ പറ്റി മനോഹരമായ ഒരു പുസ്തകവും പിതാവിൽ നിന്നു സമ്മാനമായി ലഭിച്ചു.

**കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 28-3-2026**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2026 മാർച്ച് 28 ന് ഓൺലൈനായി നടത്തപ്പെട്ടു. ശ്രീ. ആന്റണി പാലിമറ്റം എല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു. തുടർന്ന് സെക്രട്ടറി അച്ചൻ അജണ്ട അവതരിപ്പിച്ചു.

2027 ലെ ലോഗോസ് ക്വിസ് പാഠഭാഗങ്ങൾ തീരുമാനിച്ചു. 2026ലെ പാഠഭാഗത്തിന്റെ തുടർച്ചയെന്നോണം 1 സാമുവൽ 8-22; സഭാപ്രസംഗകൻ 7-12; വി. യോഹന്നാൻ 13-21; ഫിലിപ്പി 1-4; കൊളോസോസ് 1-4; 2027ലെ വിഷയങ്ങളായി തീരുമാനിച്ചു.

ബൈബിൾ സൊസൈറ്റി ഇന്റേണൽ ഓഡിറ്റർമാരായി ശ്രീ. തോമസ് പോളിനെയും ശ്രീ ഫ്രാൻസിസ് ജോർജിനെയും യോഗം ചുമതലപ്പെടുത്തി.

ജൂബിലി ലോഗോസ് സമാപനം ഭംഗിയാക്കാൻ ഓരോ മാനേജിംഗ് കൗൺസിൽ അംഗങ്ങളും 10 പേരെയെങ്കിലും പങ്കെടുപ്പിക്കാൻ ശ്രമിക്കണമെന്ന നിർദേശം വന്നു. ജൂബിലിയുടെ ഭാഗമായി തയ്യാറാക്കുന്ന സ്റ്റാമ്പ് പ്രൊജക്റ്റും ആരെയൊക്കെ ക്ഷണിക്കണമെന്നും ചർച്ചയിൽ തീരുമാനിച്ചു. ജൂബിലി സമാപനം ഭംഗിയാക്കാൻ എല്ലാവരുടെയും സഹകരണം ആവശ്യമാണെന്ന് സെക്രട്ടറിയച്ചൻ ഓർമിപ്പിച്ചു. 15 അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

## പ്രവർത്തന റിപ്പോർട്ട്

കേരളസഭയിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യം വളർത്താനും വചനപഠനത്തിൽ ആഴപ്പെടാനുമുള്ള ശുശ്രൂഷകളിൽ കേരള കത്തോലിക്കാ ബൈബിൾ സൊസൈറ്റി ഏർപ്പെട്ടിരിക്കുന്നു.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2025 ജൂലൈ 12ന് പി.ഒ.സി.യിൽവച്ചു നടന്നു. 164 അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു. പുതിയനിയമം പകർത്തി എഴുത്ത് മത്സരത്തിൽ വിജയികളായ 10 പേർക്ക്, സൊസൈറ്റിയുടെ വാർഷിക പൊതുയോഗത്തിൽ വച്ച് അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് സമ്മാനദാനം നിർവഹിച്ചു. എക്സിക്യൂട്ടീവ് - മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പിൽ, 12.7.25ൽ നടന്ന വാർഷികപൊതുയോഗത്തിൽ ഇപ്പോഴുള്ള സമിതി തന്നെ തുടരാനുള്ള തീരുമാനം ഐക്യകണ്ഠേന പാസാക്കി. ലോഗോസ് ബുള്ളറ്റിൻ ജൂൺ മാസത്തിൽ എല്ലാം സൊസൈറ്റി അംഗങ്ങൾക്കും പോസ്റ്റു ചെയ്തു നൽകി.

ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ കോൺടാക്റ്റ് ക്ലാസ് 2025 മെയ് 10ന് നടത്തപ്പെട്ടു. യോഹന്നാൻ എഴുതിയ സുവിശേഷമായിരുന്നു വിഷയം. റവ. ഡോ. മരിയ മൈക്കിൾ അച്ചൻ ക്ലാസുകൾ നയിക്കുകയും ഉച്ചകഴിഞ്ഞ് 3.15ന് ചേർന്ന അനുമോദനസമ്മേളനത്തിൽ കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം പി.ഒ.സി. ഡയറക്ടർ തോമസ് തറയിൽ അച്ചൻ നിർവഹിക്കുകയും ചെയ്തു.

പി.ഒ.സി. പരിഷ്ക്കരിച്ച ബൈബിളിന്റെ രണ്ടാം പതിപ്പ്, കെ.സി.ബി.സി. പ്രസിഡന്റ് ക്ലീമിസ് ബാവ റിലീസ് ചെയ്യുകയുണ്ടായി. 2025-26 വർഷത്തിലെ ബുധനാഴ്ചകളിലെ സായാഹ്ന ബൈബിൾ ക്ലാസിന്റെ ഉദ്ഘാടനം 2025 ജൂൺ 4ന് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് നിർവഹിച്ചു. ബൈബിൾ സൊസൈറ്റിയുടെ സ്റ്റോർ റൂമിന്റെ ശോച്യാവസ്ഥ പരിഗണിച്ചു കൊണ്ട്, കാർ പാർക്കിംഗ് ഏരിയയോട് അനുബന്ധിച്ചുള്ള പി.ഒ.സി.യുടെ കെട്ടിടം നവീകരിക്കുകയും ബൈബിൾ സൊസൈറ്റിക്ക് ഉപയോഗപ്രദമാക്കി നല്കുകയും ചെയ്തു. ഉദ്ഘാടന കർമ്മം ബഹുമാനപ്പെട്ട പി.ഒ.സി. ഡയറക്ടർ ഫാ. തോമസ് തറയിൽ നിർവഹിച്ചു.

ലോഗോസ് 2025 രൂപതാതല പരീക്ഷയുടെ സെന്ററുകളിൽ എല്ലാ എക്സിക്യൂട്ടീവ്-മാനേജിംഗ് കൗൺസിൽ അംഗങ്ങളും സന്ദർശിച്ചു. ലോഗോസ് സമ്മാനപുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കി. രണ്ടാമത്തും നാല് സെന്ററുകളിലായി 2025ലെ ലോഗോസ് നടത്തുകയുണ്ടായി. ആലുവ, കൊല്ലം, കോഴിക്കോട് സെന്ററുകൾ കൂടാതെ ഫരീദാബാദിലും വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനതല ലോഗോസ് ക്വിസ് നടത്തപ്പെട്ടു. മെഗാ ഫൈനൽ നവംബർ 22, 23 തീയതികളിൽ പി.ഒ.സി.യിൽ വച്ച് നടന്നു. ഭിന്നശേഷിക്കാർക്കുള്ള ലോഗോസ് ക്വിസും കുടുംബങ്ങൾക്കായുള്ള ഫാമിലി ക്വിസും സംഘടിപ്പിക്കപ്പെട്ടു. ബധിരഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാനതല ഫൈനലിൽ ഒന്നാം സ്ഥാനത്തിന് കോട്ടയം അതിരൂപതയിൽനിന്നുള്ള ബെൻ ജോസഫ് ബൈജു അർഹനായി, 3500 രൂപയും മെഡലും ട്രോഫിയും കരസ്ഥമാക്കി. കുടുംബങ്ങൾക്കായുള്ള ലോഗോസ് ഫമിലിയ ക്വിസ്സിൽ പാലാ രൂപതയിലെ ഡിന്റ് ഫ്രാൻസിസ്, ആഗ്നസ് റിജോ, ആൽബർട്ട് റിജോ എന്നിവർ ഒന്നാം സ്ഥാനത്തെത്തി, 25000 രൂപയും ട്രോഫിയും മെഡലും കരസ്ഥമാക്കി.

ജൂബിലി ലോഗോസ് ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ മൂവാറ്റുപുഴ രൂപതയിൽനിന്നുള്ള ഷിബു തോമസ് ലോഗോസ് പ്രതിഭയായി. ഉച്ചകഴിഞ്ഞ് നടന്ന സമ്മേളനത്തിൽ ദീർഘകാലം ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും ചെയർമാനായിരുന്ന റവ.ഡോ. ജോർജ് പുന്നക്കോട്ടിൽ പിതാവ് വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. ലോഗോസ് പ്രതിഭയ്ക്കുള്ള സ്വർണമെഡലും 1,01,000 രൂപയുടെ ക്യാഷ് അവാർഡും

ട്രോഫിയും ഷിബു തോമസ് കരസ്ഥമാക്കി. പ്രതിഭയുടെ രൂപതയ്ക്കുള്ള എവർ റോളിംഗ് ട്രോഫി, പ്രതിഭയും രൂപതാംഗങ്ങളും ഏറ്റുവാങ്ങി.

ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച രൂപതകൾ, ഇടവകകൾ, അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്തുകൊണ്ട് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് 3000, 2000, 1000 എന്നിങ്ങനെ ക്യാഷ് അവാർഡും മെമന്റോയും നൽകി ആദരിക്കുകയുണ്ടായി.

കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന സാഹിത്യമത്സരവിജയികൾക്കുള്ള സമ്മാനങ്ങളും ജൂബിലി ലോഗോസ് വേദിയിൽ നല്കപ്പെട്ടു.

ഈ വർഷത്തെ ബൈബിൾ പാരായണമാസം ഡിസംബർ മാസത്തിൽ സമുചിതമായി ആചരിച്ചു. ഈ വർഷവും ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ രൂപതകളിൽ ബൈബിൾ അഖണ്ഡപാരായണം സംഘടിപ്പിച്ചു. വചന പാരായണമാസ ഉദ്ഘാടനം വരാപ്പുഴ പുത്തൻപള്ളി ഇടവകയിൽവച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ് ജെയിംസ് ആനാപറമ്പിൽ പിതാവ് ഉദ്ഘാടനം ചെയ്തു. ബൈബിൾ പാരായണമാസ സമാപനം കോട്ടപ്പുറം രൂപത കത്തീഡ്രൽ ദൈവാലയത്തിൽ ഡിസംബർ 28ന് ബിഷപ് അംബ്രോസ് പുത്തൻവീട്ടിൽ നിർവഹിച്ചു. ഈ വർഷത്തെ ബൈബിൾ ഞായർ 2025 ഡിസംബർ 21ന് ആചരിക്കപ്പെട്ടു. സൊസൈറ്റിയുടെ ഇന്റേണൽ ഓഡിറ്റിംഗ് നടത്തുന്നതിന് ശ്രീ. തോമസ് പോൾ, ശ്രീ. ഫ്രാൻസിസ് ജോർജ് എന്നിവരെ മാനേജിംഗ് കൗൺസിൽ യോഗം നിർദേശിച്ചു. ബൈബിൾ കമ്മീഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളിലൊന്നായ ബൈബിൾ പഴയനിയമം പകർത്തിയെഴുത്ത് 2026 മെയ് മാസം പി.ഒ.സി.യിൽ എത്തിക്കാൻ തീരുമാനിച്ചു.

സായാഹ്ന ബൈബിൾ ക്ലാസിന്റെ സമാപനം 2026 ഫെബ്രുവരി 25നായിരുന്നു. കോഴ്സ് വിജയകരമായി പൂർത്തീകരിച്ചവർക്ക് ട്രോഫികളും സർട്ടിഫിക്കറ്റ് വിതരണവും ഏപ്രിൽ 11 ന് അവധിക്കാല ബൈബിൾ ക്ലാസ്സിൽ വച്ച് റവ. ഡോ. ജോൺസൺ പുതുശ്ശേരി അച്ചൻ നല്കുകയുണ്ടായി.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഈ വർഷം രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. റവ. ഡോ. എബ്രഹാം പേഴുംകാട്ടിലച്ചന്റെ തോബിതിന്റെ പുസ്തകം ഒരു വ്യാഖ്യാനം, ജോൺസൺ പുതുശ്ശേരി അച്ചന്റെ മുദ്രിതഗ്രന്ഥം എന്നീ പുസ്തകങ്ങളാണ് 2025ലെ പ്രസിദ്ധീകരണങ്ങൾ.

## ലോഗോസ് ക്വിസ് 2027

**പാഠഭാഗങ്ങൾ**

**1 സാമുവൽ 8–22; സഭാപ്രസംഗകൻ 7–12; വി. യോഹന്നാൻ 13–21; ഫിലിപ്പിയർക്ക് എഴുതിയ ലേഖനം 1–4; കൊളോസോസുകാർക്ക് എഴുതിയ ലേഖനം 1–4**

## ബൈബിൾ ഞായർ

2026 ലെ ബൈബിൾ ഞായർ ഡിസംബർ 20

## സൊസൈറ്റി അംഗത്വത്തിന്റെ നില വെളിവാക്കുന്ന പട്ടിക

| അംഗത്വം | പുതുക്കിയ നിരക്ക് | 11.12.98 മുതൽ 31.3.24 വരെ | 1.4.24 മുതൽ 31.3.25 വരെ | ആകെ* |
|---|---|---|---|---|
| ഓർഡിനറി | | 7200 | 0 | 7200 |
| സ്പെഷ്യൽ | 1000 | 4164 | 17 | 4179 |
| ലൈഫ് | 2000 | 2625 | 10 | 2635 |
| സ്പെഷ്യൽ ലൈഫ് | 10000 | 160 | 1 | 170 |
| സ്പോൺസർ ലൈഫ് | 20000 | 80 | 0 | 80 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 198 | 0 | 198 |
| പാരിഷ് ഓർഡിനറി | 5000 | 218 | 0 | 219 |
| പാരിഷ് ലൈഫ് | 20000 | 50 | 1 | 51 |
| ആകെ | | 14705 | 29 | 14734 |

* അപ്ഗ്രേഡ് ചെയ്ത അംഗത്വങ്ങൾ ഉൾപ്പെടെ



നീണ്ട 20 വർഷക്കാലം ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച മുൻ ചെയർമാൻ അഭിവന്ദ്യ ജോർജ് പുന്നക്കോട്ടിൽ പിതാവിനെ ജൂബിലി ലോഗോസ് സമാപനവേദിയിൽ വച്ച് പിഒസി ഡയറക്ടർ പൊന്നാട അണിയിച്ച് ആദരിക്കുന്നു.

# ജൂബിലി ലോഗോസ് ക്വിസ് സംസ്ഥാനതല ജേതാക്കൾ

A വിഭാഗം



**ജൊഹാൻ N. ബിനോയ്**
പാലക്കാട് രൂപത



**എയ്ഞ്ചലിന C.L**
നെയ്യാറ്റിൻകര രൂപത



**ദിയ അന്ന സജീവ്**
ഇടുക്കി രൂപത


B വിഭാഗം



**ജാൻവി ആൻ ജോസി**
ചങ്ങനാശ്ശേരി അതിരൂപത



**മരിയ ഷിജോ**
പാലക്കാട് രൂപത




**റിയ റോസ് K.R**
ഇരിങ്ങാലക്കുട രൂപത

C വിഭാഗം



**സിഷി ജി. പോൾ**
എറണാകുളം-അങ്കമാലി അതിരൂപത



**ബ്ര. മനീഷ് മാർട്ടിൻ**
കൊല്ലം രൂപത



**ഗോഡ്സൺ ജോണി**
ഇരിങ്ങാലക്കുട രൂപത

D വിഭാഗം



**ലോഗോസ് പ്രതിഭ ഷിബു തോമസ്**
മൂവാറ്റുപുഴ രൂപത



**സൗമ്യ ആനി ജോണി**
മാണ്ഡ്യ രൂപത



**ജോസഫ് ചാക്കോ**
കാഞ്ഞിരപ്പള്ളി രൂപത

E വിഭാഗം



**ഷെർലി കാർലു**
കോട്ടപ്പുറം രൂപത



**ജാൻസി ജോബി**
കൊച്ചി രൂപത



**റോസിലി ജോണി**
കോതമംഗലം രൂപത

F വിഭാഗം



**ആനി ജോർജ്**
തൃശ്ശൂർ അതിരൂപത



**ലിസി ജോസ്**
എറണാകുളം-അങ്കമാലി അതിരൂപത



**മേരി തോമസ്**
ഇരിങ്ങാലക്കുട രൂപത

# നന്ദിയുടെ നറുമലരുകൾ



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും ചെയർമാനായി 6 വർഷക്കാലത്തെ സ്തുത്യർഹമായ നേതൃത്വം ന്ല്കി ബൈബിൾ കമ്മീഷന്റെ വൈസ്ചെയർമാൻ പദവിയിലേക്ക് മാറുന്ന അഭിവന്ദ്യ ജെയിംസ് പിതാവിന് നന്ദിയുടെ നറുമലരുകൾ!

## ബൈബിൾ കമ്മീഷനും ബൈബിൾ സൊസൈറ്റിക്കും പുതിയ സാരഥി



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റി യുടെയും ചെയർമാനായി നിയമിതനായ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവിന് സ്നേഹനിർഭരമായ സ്വാഗതം.

## കെ.സി.ബി.എസ്. വാർഷിക പൊതുയോഗം
## 12 ജൂലൈ 2025




കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2025 ജൂലൈ 12ന് പി.ഒ.സി.യിൽ വച്ചു നടന്നു.

## അഖില കേരള ജൂബിലി ലോഗോസ് ക്വിസ്
## 4-ാം സ്ഥാനം നേടി മെഡലിനും
## 1600 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ

### A Group

1. സഖറിയ എബ്രഹാം - കാഞ്ഞിരപ്പള്ളി രൂപത
2. ആരോൺ മാളിയേക്കൽ - മാനന്തവാടി രൂപത
3. ആൽബർട്ട് റിജോ - പാലാ രൂപത
4. തെരേസാ ടോജോ - ചങ്ങനാശ്ശേരി അതിരൂപത
5. അഡോൺ എബ്രഹാം - കോതമംഗലം രൂപത
6. സെറാ ആൻ ജൂവൽ - ചങ്ങനാശ്ശേരി അതിരൂപത
7. ആന്റോ ജോസ് - ഫരീദാബാദ് രൂപത

### B Group

1. നേവ തെരേസ് ജോർജ് - ആലപ്പുഴ രൂപത
2. ഏഞ്ചൽ മേരി തോമസ് - ചങ്ങനാശ്ശേരി അതിരൂപത
3. മെഷക്ക് ജോസഫ് - കൊല്ലം രൂപത
4. ആഗ്നസ് റിജോ - പാലാ രൂപത
5. ദിയ എലിസബത്ത് - തലശ്ശേരി അതിരൂപത
6. ആൻ ടോജോ - എറണാകുളം - അങ്കമാലി അതിരൂപത
7. ലിനിയ മരിയ മധു - പാലാ രൂപത

### C Group

1. ജീന സജീഷ് - തൃശ്ശൂർ അതിരൂപത
2. ആഷിത ബെന്നി SH - കോതമംഗലം രൂപത
3. ഡാനി ജോർജ് - എറണാകുളം - അങ്കമാലി അതിരൂപത
4. വിൻസി റോസ് - ചങ്ങനാശ്ശേരി അതിരൂപത
5. സി. ജിസ് മരിയ FSC - എറണാകുളം - അങ്കമാലി അതിരൂപത
6. ഐറിൻ ജോസ് - തൃശ്ശൂർ അതിരൂപത
7. ജോണി ജോസ് - മാണ്ഡ്യ രൂപത

### D Group

1. റാണി ആന്റണി - ആലപ്പുഴ രൂപത
2. ലിഷ വർഗീസ് - ആലപ്പുഴ രൂപത
3. ലിസി ബിജു - എറണാകുളം - അങ്കമാലി അതിരൂപത
4. ഗോഡ്സൺ ഫെലിക്സ് പെരേര - തിരുവനന്തപുരം ലത്തീൻ അതിരൂപത
5. ജൂലി ഷാജി - എറണാകുളം - അങ്കമാലി അതിരൂപത
6. മിൽഡ പോൾ .വി - തൃശ്ശൂർ അതിരൂപത
7. രാജി അനി - കൊല്ലം രൂപത

## E Group

1. മോളി സാബു - ഇടുക്കി രൂപത
2. ജാൻസി ഡേവിസ് - ഇരിങ്ങാലക്കുട രൂപത
3. ആനി റോയ് - കൊച്ചി രൂപത
4. അജിത ബാബു - ഇരിങ്ങാലക്കുട രൂപത
5. മോളി മാത്യു - വിജയപുരം രൂപത
6. ലിസി ജെയിംസ് - എറണാകുളം - അങ്കമാലി അതിരൂപത
7. ഷീജ ഡേവിസ് - തൃശ്ശൂർ അതിരൂപത

## F Group

1. ലൈല ജോൺ - പാലക്കാട് രൂപത
2. അന്ന E.M - തലശ്ശേരി അതിരൂപത
3. വത്സമ്മ സ്കറിയ - ചങ്ങനാശ്ശേരി അതിരൂപത
4. മാത്യു തൈക്കുന്നുംപുറത്ത് - താമരശ്ശേരി രൂപത
5. സാലി ഫ്രാൻസിസ് - തൃശ്ശൂർ അതിരൂപത
6. സെലിൻ മാത്യു - മാണ്ഡ്യ രൂപത
7. റോസമ്മ മടപ്പാട്ട് - താമരശ്ശേരി രൂപത


### ഇരുപത്താറാം അഖിലകേരള ലോഗോസ് ക്വിസ് - 2026

**പാഠഭാഗങ്ങൾ**

റൂത്ത് 1-4; സഭാപ്രസംഗകൻ 1-6; വി. യോഹന്നാൻ 1-12;
ഗലാത്തിയ 1-6; 1 സാമുവൽ 1-7

**രജിസ്ട്രേഷൻ**

ആരംഭിക്കുന്നത്: 2026 ജൂൺ 1-ന്
അവസാനിക്കുന്നത്: 2026 ജൂലൈ 31ന്

**പരീക്ഷാ സമയം**

രൂപതാതലം: 2026 സെപ്തംബർ 27; 2.00 P.M - 3.30 P.M
സംസ്ഥാനതലം: 2026 നവംബർ 8; ഫൈനൽ: 2026 നവംബർ 21-22

**ഗ്രൂപ്പുകൾ**

A വിഭാഗം - 1.1.2015 നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം - 1.1.2010 നും 31.12.2014 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം - 1.1.1995 നും 31.12.2009 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം - 1.1.1975 നും 31.12.1994 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം - 1.1.1962 നും 31.12.1974 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 31.12.1961 നും അതിനുമുമ്പും ജനിച്ചവർ


**ഓൺ-ലൈൻ രജിസ്ട്രേഷന്: www.logosquiz.org**

visit: www.keralabiblesociety.com


# മലങ്കര കത്തോലിക്കാ സഭയിൽനിന്നും ആദ്യമായി ലോഗോസ് പ്രതിഭ!



ലോകത്തിലെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാമായ 25-ാമത് അഖിലേന്ത്യാ ജൂബിലി ലോഗോസ് ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ മൂവാറ്റുപുഴ രൂപതയിൽനിന്നുള്ള മിസ്റ്റർ ഷിബു തോമസ് ലോഗോസ് പ്രതിഭയായി. നാലു ലക്ഷത്തി എഴുപത്തിയയ്യായിരംപേർ പങ്കെടുത്ത പരീക്ഷയിൽ 600 പേർ രണ്ടാം റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു; ഫൈനൽ റൗണ്ടിലേക്ക് ആറുപേർ യോഗ്യത നേടി. അതിൽനിന്നും ലോഗോസ് പ്രതിഭയ്ക്കുള്ള സ്വർണമെഡലും 1,01,000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും ഷിബു തോമസ് കരസ്ഥമാക്കി.




## പുതിയ പ്രസിദ്ധീകരണങ്ങൾ







റവ. ഡോ. ഏബ്രഹാം പേഴുംകാട്ടിൽ അച്ചന്റെ 'തോബിത്തിന്റെ പുസ്തകം ഒരു വ്യാഖ്യാനം', ജോൺസൺ പുതുശ്ശേരി CST അച്ചന്റെ 'മുദ്രിതഗ്രന്ഥം: വെളിപാടുഗ്രന്ഥത്തിന് ഒരാമുഖം' എന്നീ പുസ്തകങ്ങളാണ് 2025 ലെ കെ.സി. ബി. എസ്. പ്രസിദ്ധീകരണങ്ങൾ

# ലോഗോസ് ക്വിസ് ഫമിലിയ

ദൈവവചനത്തിനായി ദാഹിക്കാത്തവർ ആരുമില്ല എന്നതിന്റെ മനോഹരമായ കാഴ്ചയായിരുന്നു കുടുംബങ്ങൾക്കായുള്ള ലോഗോസ് മത്സരം. പി.ഒ.സി.യിൽ വച്ചു നടന്ന സംസ്ഥാനതല മത്സരത്തിൽ 19 രൂപതകളിൽനിന്നും പങ്കെടുത്ത മത്സരാർഥികളിൽനിന്നും പാലാ രൂപതയിലെ **ഡിന്റ് ഫ്രാൻസിസ് & ഫാമിലി** ഒന്നാം സ്ഥാനത്തിനും കൊല്ലം രൂപത **ജോസഫ് ഡേവിഡ് & ഫാമിലി** രണ്ടാം സ്ഥാനത്തിനും മാനന്തവാടി രൂപത **സെബാസ്റ്റ്യൻ ഫിലിപ്പ് & ഫാമിലി** മൂന്നാം സ്ഥാനത്തിനും അർഹത നേടി. ലോഗോസ് ഗ്രാന്റ് ഫിനാലെയുടെ സമാപന ചടങ്ങിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ നല്കപ്പെട്ടു.

# ലോഗോസ് ക്വിസ് ഭിന്നശേഷിക്കാർക്ക്

2025 നവംബർ 22ന് പി.ഒ.സി.യിൽ വച്ചു നടന്ന ബധിരർക്കായുള്ള ലോഗോസ് സംസ്ഥാനതല മത്സരത്തിൽ നിരവധി സ്കൂളുകളിൽനിന്നും പങ്കെടുത്ത കുട്ടികളിൽ ആദ്യ റൗണ്ടിൽ നിന്ന് ആറു പേർ തിരഞ്ഞെടുക്കപ്പെട്ടു. ഫാ. ബിജു C.S.Cയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ഫൈനൽ റൗണ്ടിൽ കോട്ടയം അതിരൂപതയിൽ നിന്നുള്ള **ബെൻ ജോസഫ് ബൈജു** ഒന്നാം സ്ഥാനത്തിനും തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള **ജാസ്മിൻ ജോസ്, സാനിയ O.K** എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾക്കും അർഹത നേടി. ലോഗോസ് ഗ്രാന്റ് ഫിനാലെയുടെ സമാപനചടങ്ങിൽ സ്പെഷ്യൽ കാറ്റഗറി വിജയികൾക്കുള്ള സമ്മാനങ്ങൾ നല്കപ്പെട്ടു.

## ബൈബിൾ സായാഹ്ന ക്ലാസ് ഉദ്ഘാടനം



ബുധനാഴ്ചകളിലെ സായാഹ്ന ബൈബിൾ ക്ലാസിന്റെ ഉദ്ഘാടനം 2025 ജൂൺ 4ന് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് നിർവഹിച്ചു. 35 ആഴ്ചകളിൽ നീണ്ടുനിന്ന സായാഹ്ന ബൈബിൾ ക്ലാസിന്റെ സമാപനം 2026 ഫെബ്രുവരി 25 നായിരുന്നു. കോഴ്സ് വിജയകരമായി പൂർത്തീകരിച്ചവർക്ക് ട്രോഫികളും സർട്ടിഫിക്കറ്റ് വിതരണവും ഏപ്രിൽ 11 ന് നടന്ന വെക്കേഷൻ ബൈബിൾ ക്ലാസിൽ വച്ച് വിതരണം ചെയ്തു

**1. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

| | | | | |
|---|---|---|---|---|
| I | എറണാകുളം അതിരൂപത | - | 49579 | - 3,000 രൂപ, മെമന്റോ |
| II | തൃശൂർ അതിരൂപത | - | 35000 | - 2,000 രൂപ, മെമന്റോ |
| III | പാലാ രൂപത | - | 32854 | - 1,000 രൂപ, മെമന്റോ |

**2. അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

| | | | | |
|---|---|---|---|---|
| I | രാമനാഥപുരം രൂപത | - | 21% | - 3,000 രൂപ, മെമന്റോ |
| II | കണ്ണൂർ രൂപത | - | 15% | - 2,000 രൂപ, മെമന്റോ |
| III | പാലക്കാട് രൂപത | - | 14.8% | - 1,000 രൂപ, മെമന്റോ |

**3. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ:**

I Our Lady of Perpetual Help, Ochanthuruth
(Arch Diocese of Verapoly) - 3163 - 3000 രൂപ, മെമന്റോ

II Major Archiepiscopal Marth Mariam Archdeacon Pilgrim Church, Kuravilangad (Diocese of Palai) - 2790 - 2,000 രൂപ, മെമന്റോ

III St. Antony's, Edakkunnu
(Arch Diocese of Ernakulam Angamaly) - 2510 - 1,000 രൂപ, മെമന്റോ

**4. ജൂബിലി ലോഗോസിനോടനുബന്ധിച്ച്, ഏറ്റവും കൂടുതൽ കുടുംബങ്ങളെ പങ്കെടുപ്പിച്ച് 1,2 സ്ഥാനങ്ങൾ നേടിയ ഇടവകകൾ:**

I. St. Antony's, Edakkunnu - 400 Families - 2500 രൂപ, മെമന്റോ
(Arch Diocese Of Ernakulam-Angamaly)

II. Our Lady of Perpetual Help, Ochanthuruth - 299 Families - 2000 രൂപ, മെമന്റോ
(Arch Diocese Of Verapoly)

**ബൈബിൾ വിതരണം**

2025-2026 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കും രൂപതകൾക്കുമായി സബ്സിഡി നിരക്കിൽ 10575 ബൈബിളുകൾ നല്കപ്പെട്ടു. ഇതിനായി 3,85,650 രൂപ സൊസൈറ്റി ചെലവഴിച്ചു. പുതുതായി ചേർന്ന അംഗങ്ങൾക്കായി 69 ബൈബിളുകൾ സൗജന്യമായി നല്കുകയുണ്ടായി.

# ബൈബിൾ പാരായണമാസം



വചന പാരായണമാസ ഉദ്ഘാടനം വരാപ്പുഴ പുത്തൻപള്ളി ഇടവകയിൽവച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ് ജെയിംസ് ആനാപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഒരു മണിക്കൂർകൊണ്ട് 150പേർ ഒരുമിച്ചിരുന്ന് ബൈബിൾ മുഴുവനും വായിച്ചു തീർത്ത് സമ്പൂർണ പാരായണത്തിന് വികാരി റവ. ഫാ. ജോസ് എടശേരി നേതൃത്വം നല്കി. ഇരിങ്ങാലക്കുട രൂപതയിലെ കാറളം ഇടവകയിൽവച്ച് കെ.സി.ബി.സി. വൈസ്ചെയർമാൻ ബിഷപ് പോളി കണ്ണൂക്കാടൻ 24 ദിവസത്തെ പാരായണത്തിന് തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. അറേബ്യൻ നാടുകൾക്ക് വേണ്ടിയുള്ള അപ്പസ്തോലിക് വിസിറ്റേറ്റർ റവ. ഫാ. ജോളി വടക്കൻ അനുഗ്രഹപ്രഭാഷണം നടത്തി. വരാപ്പുഴ അതിരൂപതയിലെ ചേരാനല്ലൂർ ഇടവകയിൽവച്ച് ഡയറക്ടർ സിജൻ മണുവേലിപറമ്പിൽ ഇടവകയിലെ കുടുംബങ്ങളെ മുഴുവനും ഉൾക്കൊള്ളിച്ചുള്ള ബൈബിൾ പാരായണം ഉദ്ഘാടനം ചെയ്തു. ബൈബിൾ പാരായണമാസ സമാപനം കോട്ടപ്പുറം രൂപത കത്തീഡ്രൽ ദൈവാലയത്തിൽ ഡിസംബർ 28ന് ബിഷപ് അംബ്രോസ് പുത്തൻവീട്ടിൽ നിർവഹിച്ചു.





# ജൂബിലി ലോഗോസ്
# സ്മരണിക - സ്റ്റാമ്പ് പ്രകാശനം



ലോഗോസ് ബൈബിൾ ക്വിസിന്റെ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി പുറത്തിറക്കിയ 'ജൂബിലി സ്മരണിക ലോഗോസ് 2025' ബിഷപ് ജോസ് പുളിക്കൽ പ്രകാശനം ചെയ്തു. ലോഗോസ് ക്വിസ് എംബ്ലം പതിച്ച് പുറത്തിറക്കിയ ഇന്ത്യൻ പോസ്റ്റൽ സ്റ്റാമ്പ് ബിഷപ് ജോർജ് പുന്നക്കോട്ടിൽ പ്രകാശനം ചെയ്തു.




## ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് കോണ്ടാക്ട് ക്ലാസ്







ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ കോൺടാക്റ്റ് ക്ലാസ് 2025 മെയ് 10ന് നടത്തപ്പെട്ടു. യോഹന്നാൻ എഴുതിയ സുവിശേഷമായിരുന്നു വിഷയം. റവ. ഡോ. മരിയ മൈക്കിൾ അച്ചൻ ക്ലാസുകൾ നയിച്ചു. ഉച്ചകഴിഞ്ഞ് 3.00ന് ചേർന്ന അനുമോദനസമ്മേളനത്തിൽ കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. 2025-26 സാമ്പത്തിക വർഷത്തിൽ 125 പേർ കോഴ്സിൽ രജിസ്റ്റർ ചെയ്തു. നിലവിൽ പതിമൂവായിരത്തി എഴുന്നൂറോളം പേർ കോഴ്സിൽ അംഗങ്ങളായിട്ടുണ്ട്.

# Endowment of Logos Quiz

| | |
|---|---|
| Palackal Thoma Malpan Memorial | Logos Pratibha |
| Servant of God Msgr. Lawrence Puliyanath Memorial | 'A' group age category |
| Venerable Mother Eliswa Memorial | 'B' group age category |
| Mookkan Ouseph Anthony Memorial | 'C' group age category |
| Venerable Mathew Kadalikkattil Memorial | 'D' group age category |
| Servant of God Puthenparambil Thommachan Memorial | 'E' group age category |
| Jimmy George Thaliath Memorial | 'F' group age category |

## BIBLE SOCIETY AMBASSADORS

| | |
|---|---|
| O.T Alexander | Mary M.P |
| Jessy Jose | Mathew Paul .T |
| Antony .P Kurian | Julius Ruben |
| Johnson Kanjirathingal | Thomas Philip |
| Elvis Kottooran | Thejus Philip Thomas |
| Dr. Rex Thomas | Sajeev Sebastian |
| Dr. Annamma Mathew | |

## ബൈബിൾ സർട്ടിഫിക്കറ്റ് കോഴ്സ്

2026 ജൂൺ 3 മുതൽ 2027 മാർച്ച് 3 വരെ എല്ലാ ബുധനാഴ്ചകളിലും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പി.ഒ.സി. യിൽ വച്ച് വൈകിട്ട് 5.45 മുതൽ 7.30 വരെ ക്ലാസ്സുകൾ നടത്തപ്പെടുന്നു. കേരളത്തിലെ പ്രമുഖ ബൈബിൾ പണ്ഡിതർ ക്ലാസുകളെടുക്കുന്നു. പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും പ്രധാനപ്പെട്ട സ്ഥലങ്ങളും അവയുടെ പ്രാധാന്യവുമാണ് ഈ കോഴ്സിന്റെ പഠന വിഷയം.

*രജിസ്ട്രേഷന് താഴെ കാണുന്ന നമ്പറിൽ വിളിക്കുക.*

*7012304035, 9400544137*

## കെ. സി. ബി. എസ്. പ്രസിദ്ധീകരണങ്ങൾ

1. മർക്കോസിന്റെ സുവിശേഷം - വ്യാഖ്യാനം
2. ആമോസിന്റെ ഗർജ്ജനങ്ങൾ
3. പഴയനിയമത്തിന് ഒരാമുഖം
4. ദൈവത്തിന്റെ രക്ഷണം
5. യേശുവിന്റെ ഗലീലി അത്ഭുതങ്ങൾ
6. പാലസ്തീനായുടെ മാപ്പ്
7. യേശുവിന്റെ നാട്ടിലേക്ക് തീർത്ഥയാത്ര
8. ദൈവവചനവും ദിവ്യവായനയും
9. യേശുക്രിസ്തു
10. സുവിശേഷ സമാന്തരങ്ങൾ
11. ദൈവവചനം ദൈവദാനം
12. നമ്മുടെ മാർപാപ്പമാർ
13. എനിക്കു ജീവിതം ക്രിസ്തു
14. ആത്മീയ യാത്ര
15. ബൈബിൾ കൂട്ടുകാർ - Vol. I
16. ബൈബിൾ കൂട്ടുകാർ - Vol. II
17. ബൈബിൾ വ്യാഖ്യാനത്തിന് സഭയുടെ മാർഗ്ഗരേഖ
18. ബൈബിൾ തിരുവചനത്തിലേക്ക് പത്തു പടവുകൾ
19. ലോഗോസ് മുന്നൊരുക്കത്തിന്
20. ലോഗോസ് സഹായി
21. ദൈവവചന പ്രഘോഷണ സഹായി
22. ലോഗോസ് ക്വിസ് 2000-2008 ചോദ്യങ്ങളും ഉത്തരങ്ങളും
23. ഗലീലക്കാരൻ
24. വചനമാല്യം
25. ബൈബിൾ പിക്ചർ ബുക്ക്:
    - മറിയം എന്റെ അമ്മ
    - പരിശുദ്ധാത്മാവ്
    - പിതാവായ ദൈവം
    - വിശുദ്ധ പൗലോസ്
    - അപ്പസ്തോലന്മാർ
    - പരിശുദ്ധത്രിത്വം
    - ദൈവം നമ്മെ എല്ലാവരെയും സ്നേഹിക്കുന്നു
    - യേശുവിന്റെ പ്രബോധനങ്ങൾ
26. പുതിയനിയമ പഠനസഹായി
27. എന്റെ ഈശോ
28. ഹെർമോൺ തുഷാരം
29. ബൈബിൾ പഠനം പഴയനിയമം
30. മൃതിഗ്രന്ഥം
31. ഉല്ലാസ ബൈബിൾ
32. ബൈബിൾ ലാൻഡ്
33. കൗതുക ബൈബിൾ
34. കിഡ്സ് ബൈബിൾ
35. കിഡ്സ് ബൈബിൾ (മലയാളം)
36. ബൈബിൾ കനികൾ
37. ബൈബിൾ മുകുളം
38. ബൈബിൾ കുസൃതി
39. യേശു പറഞ്ഞ കഥകൾ
40. ബൈബിൾ പിക്ചർ ബുക്കുകൾ
41. തായി വേരും മുന്തി വേരും തോമിനി വരെ
42. ഇരുപതാം നൂറ്റാണ്ടിലെ അടിമ ക്രിസ്ത്യാനികൾ
43. യേശുവിന്റെ തിരുവചനങ്ങൾ
44. ആദ്ധ്യാത്മികതയിലെ അംഗ വൈകല്യങ്ങൾ
45. ജീവിത വിജയത്തിന്
46. ഗ്രീക്കോ ?
47. കടുകുമണി
48. കുട്ടികൾ എന്റെ അടുക്കൽ വരട്ടെ
49. ബൈബിളും മക്കളും
50. ഉത്പത്തി കഥകൾ
51. ആത്മഹത്യയും മരണവും
52. ബൈബിൾ അറ്റ്ലസ്
53. പുറപ്പാടു കഥകൾ
54. ബൈബിൾ നാടകങ്ങൾ
55. വാഗ്ദാന പേടകം
56. രഹസ്യങ്ങളുടെ ചുരുളഴിയുമ്പോൾ
57. ആത്മശോധനങ്ങൾ
58. വെളിപാട് വായനയ്ക്കൊരു വഴികാട്ടി
59. മലയിലെ പ്രസംഗം
60. ജൂദയിസം ചരിത്രവും ജീവിതവും
61. സങ്കീർത്തന സപര്യ
62. സങ്കീർത്തന സപര്യ 2.0
63. പ്രവാചകഗ്രന്ഥങ്ങളിലൂടെ
64. പഴയനിയമത്തിലെ ചരിത്രവഴികൾ
65. ജറുസലേമിലെ എക്ലേസ്യാ
66. സൃഷ്ടിയും പതനവും
67. ബൈബിൾ പഠനത്തിന് ഒരാമുഖം
68. ബൈബിളിലെ പ്രതീകങ്ങൾ
69. സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം - സഭാനവീകരണത്തിന്റെ ബൈബിൾ അടിസ്ഥാനങ്ങൾ
70. വെളിപാടു സാഹിത്യവും ബൈബിളിലെ വെളിപാടുകൃതികളും
71. തിരുവചന പാരായണം
72. ഉത്പത്തി ചരിതം
73. സങ്കീർത്തനങ്ങൾ
74. വി. പൗലോസ്അപ്പസ്തോലന്റെ ലേഖനങ്ങൾക്ക് ഒരാമുഖം (I)
75. വി. പൗലോസ് അപ്പസ്തോലന്റെ ലേഖനങ്ങൾക്ക് ഒരാമുഖം (III)
76. തോബിതിന്റെ പുസ്തകം ഒരു വ്യാഖ്യാനം
77. മൃതിഗ്രന്ഥം: വെളിപാടുഗ്രന്ഥത്തിന് ഒരാമുഖം

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ച സാഹിത്യമത്സരങ്ങൾ 2025 ലെ വിജയികൾ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ 2025-ൽ അഖില കേരളതലത്തിൽ സംഘടിപ്പിച്ച സാഹിത്യ രചനാമത്സരത്തിൽ സമ്മാനാർഹരായവരുടെ പേരു വിവരം 1, 2, 3, സ്ഥാനക്രമമനുസരിച്ച് താഴെ ചേർക്കുന്നു. സാഹിത്യ രചനാമത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ 2025 നവംബർ 23ന് ലോഗോസ് ക്വിസ് ഗ്രാന്റ് ഫിനാലെ വേദിയിൽ വച്ച് മുൻ ചെയർമാൻ ജോർജ് പുന്നക്കോട്ടിൽ പിതാവ് നല്കി.

| കവിത | പേര് | രൂപത |
|---|---|---|
| 1 | ജിൻസ് മാത്യു | ഇടുക്കി |
| 2. | ജോസ് മനയാനി | തലശ്ശേരി |
| 3. | Sr. ഗ്ലാഡിസ് C.M.C | കോതമംഗലം |
| 4. | C. രാജൻ | കണ്ണൂർ |
| **ചെറുകഥ** | | |
| 1 | സാബു തോമസ് | എറണാകുളം- അങ്കമാലി |
| 2. | ആന്റണി പോൾ P. (ജിസ് P. പോൾ) | എറണാകുളം- അങ്കമാലി |
| 3. | Sr. അമല എബ്രഹാം FCC | കാഞ്ഞിരപ്പള്ളി |
| **ഏകാങ്കം** | | |
| 1. | സാബു തോമസ് | എറണാകുളം- അങ്കമാലി |
| 2. | സജി M.A | പാലക്കാട് |
| 3. | അലക്സ് മുതുകുളം | കൊല്ലം |
| **ലേഖനം - അൽമായർ** | | |
| 1. | C. രാജൻ | കണ്ണൂർ |
| 2. | സിറിയക് P.P. | എറണാകുളം- അങ്കമാലി |
| 3. | റിൻസി ബിജു | ഇരിഞ്ഞാലക്കുട |
| 4. | സിസിലി തോമസ് | എറണാകുളം- അങ്കമാലി |
| **ലേഖനം - സന്യാസിനികൾ** | | |
| 1. | സി. ജോൺസിയ S.C.V | മാനന്തവാടി |
| 2. | സി. എൽസിറ്റ് മാത്യു FCC | പാലാ |
| 3. | സി. മോളി ദേവസ്സി FMM | കൊച്ചി |
| 4. | സി. ആനി മരിയ FCC | കാഞ്ഞിരപ്പള്ളി |
| **ലേഖനം - സെമിനാരി വിദ്യാർത്ഥികൾ** | | |
| 1. | ബ്രദർ. ജോസഫ് മാറനാട്ട്, St. Joseph Seminary, Mangalappuzha | ഇടുക്കി |

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2026

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം.** പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ്: 5 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല. ബൈബിൾ പ്രമേയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം രചനകൾ.

**രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രചയിതാവിന്റെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.**
അല്മായർ, സെമിനാരി വിദ്യാർഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം.

**പൊതുവിഷയം: "ദൈവവചനവും ഫ്രാൻസിസ് അസ്സീസ്സിയും"**

**അല്മായർ:** "ദൈവവചനവും ഫ്രാൻസിസ് അസ്സീസ്സിയും" അല്മായരുടെ ജീവിതത്തിൽ

**സെമിനാരി വിദ്യാർഥികൾ:** "ദൈവവചനവും ഫ്രാൻസിസ് അസ്സീസ്സിയും" സെമിനാരി വിദ്യാർഥികളുടെ പരിശീലനത്തിൽ

**സന്യാസിനികൾ:** "ദൈവവചനവും ഫ്രാൻസിസ് അസ്സീസ്സിയും" സന്യസ്ത ജീവിതത്തിൽ

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യ പത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO / Bank transfer to KCBC Bible Commission A/c No. 0423053000006271, IFSC: SIBL0000423, SWIFT: SOININ55, South Indian Bank, Vennala branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. ഒന്നും രണ്ടും മൂന്നും സ്ഥാനമെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്.

**കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2026 ഒക്ടോബർ 1 ആണ്.**

***കൃതികൾ അയയ്ക്കേണ്ട വിലാസം:***

സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി-682028.

• • • • • • • • • • • • • • • • • • • • • • •

# സൊസൈറ്റിയിൽ എങ്ങനെ അംഗത്വമെടുക്കാം?

ബൈബിൾ പ്രഘോഷണ പ്രചാരണ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള ആർക്കും സൊസൈറ്റിയിൽ അംഗത്വമെടുക്കാം. മെമ്പർഷിപ്പ് ഫോറം പൂരിപ്പിച്ച് നിങ്ങളുടെ അംഗത്വ ഫീസ് **M.O** ആയി സൊസൈറ്റിയിലേക്ക് നേരിട്ട് അയക്കുക. അല്ലെങ്കിൽ, നിങ്ങളുടെ നാട്ടിലെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാഖയിൽ നിന്ന് ലഭിക്കുന്ന **Mail Transfer Application** പൂരിപ്പിച്ച് **infavour of Secretary, Kerala Catholic Bible Society A/C. No. SB 0423065300000750 South Indian Bank, Vennala Branch, Palarivattom** എന്നെഴുതി നിങ്ങളുടെ തുക ബാങ്കിൽ ഏല്പിക്കുക. ഈ വിവരം അറിയിച്ച് നിങ്ങളുടെ അഡ്രസ്സ് സഹിതം സൊസൈറ്റിയുടെ ഓഫീസിലേക്കും എഴുതുക. അംഗത്വമെടുക്കുന്നവർക്ക് ബൈബിളും ബൈബിൾ സൊസൈറ്റിയുടെ പുസ്തകങ്ങളും ലഭിക്കും.

---

## മെമ്പർഷിപ്പ് ഫീസ്

2002 ജൂൺ 22-ാം തീയതിയിലെ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ പൊതുയോഗതീരുമാനമനുസരിച്ച് പുതുക്കിയ മെമ്പർഷിപ്പ് ഫീസ് (ഒരിക്കൽമാത്രം നല്കിയാൽ മതി)

| അംഗത്വ രീതി | രൂപ | ആനുകൂല്യം (ബൈബിൾ + പുസ്തകങ്ങൾ) |
|---|---|---|
| സ്പെഷ്യൽ | 1000 | 1 ബൈബിൾ |
| ലൈഫ് | 2000 | 2 ബൈബിൾ |
| സ്പെഷ്യൽ ലൈഫ് | 10000 | 10 ബൈബിൾ |
| സ്പോൺസർ ലൈഫ് | 20000 | 20 ബൈബിൾ |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 20 ബൈബിൾ |
| പാരിഷ് ഓർഡിനറി | 5000 | 5 ബൈബിൾ |
| പാരിഷ് ലൈഫ് | 20000 | 20 ബൈബിൾ |
| ബൈബിൾ അംബാസഡർ | 1,00,000 | 20 ബൈബിൾ |



# സുവിശേഷം പ്രഘോഷിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!

**കേരളസഭയുടെ ബൈബിൾ പ്രേഷിതത്വത്തിൽ സജീവ പങ്കാളിയാകാൻ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗമാകൂ!**

Kerala Catholic Bible Society
Pastoral Orientation Centre, P.B. No. 2251
Palarivattom, Cochin, Kerala, India - 682 025
Tel: 0484 - 2996287
Email : kcbcbiblecommission@gmail.com



# ബൈബിൾ
## കറസ്പോണ്ടൻസ് കോഴ്സ്

**ബൈബിൾ പഠനത്തിൽ ആഴപ്പെടാൻ ഉടൻ ചേരൂ!**

- പ്രായഭേദമെന്യേ ആർക്കും എപ്പോഴും ചേരാം.
- വെറും 1000 രൂപയ്ക്ക് 45 പുസ്തകങ്ങളടങ്ങുന്ന 6 യൂണിറ്റുകൾ തപാലിൽ ലഭിക്കുന്നു.
- അർഹരായവർക്ക് കെ. സി. ബി. സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക
www.keralabiblesociety.com

കത്തിടപാടുകൾക്ക്
സെക്രട്ടറി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
പി.ഒ.സി. പി.ബി. നമ്പർ 2251, പാലാരിവട്ടം – 682025